FOR PRIVATE CIRCULATION

# SFC News

ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

VOL. 2 | ISSUE 7 | 2017 NOVEMBER-DECEMBER




## ശാരോൻ ഫെലോഷിപ്പ് ജനറൽ കൺവൻഷന് തുടക്കമായി

## EDITORIAL BOARD:

Dr. T.P. Abraham
Pr. K.T. Thomas,
Pr. V.J. Thomaskutty,
Pr. Roy Cherian,
Pr. Abraham Mannamaruthi (Editor)



**SFC News,** Sharon Fellowship Church,
P.B. No. 10, Thiruvalla 689 101,
Kerala, India
Email: sfcnewstvla@gmail.com
Ph: 0469-2607979


സഭാ വാർത്തകൾ എല്ലാ മാസവും
5–ാം തീയതിക്കുമുമ്പ്
ഓഫീസിൽ എത്തിക്കേണ്ടതാണ്

ലേഖനങ്ങൾ, അഭിപ്രായങ്ങൾ,
വാർത്തകൾ തുടങ്ങിയവ
അയയ്ക്കേണ്ട വിലാസം

# ജനറൽ കൺവൻഷൻ കമ്മറ്റി 2017


പാസ്റ്റർ കെ. വി. ദാനിയേലുകുട്ടി *(പ്രെയർ)*


പാസ്റ്റർ ലാലു ഈപ്പൻ *(പ്രെയർ & ഫുഡ്)*


പാസ്റ്റർ വി. എം. ജേക്കബ് *(പ്രെയർ)*


പാസ്റ്റർ റ്റി. എം. വർഗീസ് *(പ്രെയർ)*


പാസ്റ്റർ ഏബ്രഹാം മന്ദമരുതി *(പബ്ലിസിറ്റി)*


പാസ്റ്റർ ജോർജ് മുണ്ടകൻ *(പബ്ലിസിറ്റി)*


സാംസൺ പി. തോമസ് *(പബ്ലിസിറ്റി)*


കെ. ഇ. ജോർജുകുട്ടി, *(ഫിനാൻസ്)*


കെ. കെ. തോമസ് *(ഫിനാൻസ്)*


പാസ്റ്റർ സാം ഫിലിപ്പ് *(ഫുഡ്)*


പാസ്റ്റർ കെ. ജോണിക്കുട്ടി *(ഫുഡ്)*


പാസ്റ്റർ ജേക്കബ് ജോർജ് കെ. *(അക്കോമഡേഷൻ)*


പാസ്റ്റർ മാത്യൂസ് ജോർജ് *(വോളന്റിയേഴ്സ്)*


പാസ്റ്റർ എ. വി. ജോസ് *(വോളന്റിയേഴ്സ്)*


പാസ്റ്റർ ഏബ്രഹാം ഉമ്മൻ *(അറേഞ്ച്മെന്റ്സ്)*


റ്റി. ഒ. പൊടിക്കുഞ്ഞ് *(അറേഞ്ച്മെന്റ്സ്)*


പാസ്റ്റർ കുര്യൻ മാത്യു *(രജിസ്ട്രേഷൻ)*


പാസ്റ്റർ ബിജു ജോസഫ് *(മ്യൂസിക് & അക്കോമഡേഷൻ)*


പാസ്റ്റർ സോവി മാത്യു *(മ്യൂസിക്)*

## പ്രസിഡന്റിന്റെ സന്ദേശം



# അനിവാര്യമായ ആത്മശക്തി

റവ. ജോൺ തോമസ്

പരിശുദ്ധാത്മാവിന്റെ ശക്തി കൂടാതെയുള്ള ജീവിതമായിരുന്നില്ല, ഒരിക്കലും ക്രൈസ്തവ മാർഗത്തിന്റെ ഉദ്ദേശ്യം.

യേശു പിതാവിന്റെ അടുക്കൽ മടങ്ങിപ്പോകുന്നതിനു മുൻപ്, തന്റെ ശിഷ്യന്മാരുടെ ഉള്ളിൽ വസിക്കേണ്ടതിനും അവരെ ശുശ്രൂഷയ്ക്കായി ശക്തീകരിക്കേണ്ടതിനും, ഒരു സഹായകനെ, ഒരു ആശ്വാസകനെ അയയ്ക്കാമെന്ന് സത്യം ചെയ്തു.

യേശു പറഞ്ഞു, “ഞാൻ പിതാവിനോടു ചോദിക്കും, അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേയ്ക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും.... നിങ്ങളോ അവൻ നിങ്ങളോടു കൂടെ വസിക്കുകയും നിങ്ങളിൽ ഇരിക്കയും ചെയ്യുന്നതു കൊണ്ട് അവനെ അറിയുന്നു” (യോഹന്നാൻ 14:16-17).

പരിശുദ്ധാത്മാവ് വരുന്നതു വരെ നഗരം വിട്ടു പോവുകയോ ശുശ്രൂഷ ആരംഭിക്കുകയോ ചെയ്യരുതെന്ന് യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു.

നമ്മെ യേശുവിങ്കലേക്ക് നയിക്കുക, നമ്മെ ആശ്വസിപ്പിക്കുക, യേശുവിനോടു നമ്മെ അനുരൂപരാക്കുക, എന്നിവയാണ് പരിശുദ്ധാത്മാവിന്റെ ധർമ്മം. തന്റെ ശക്തിയാൽ നാം നിറയുന്നതും അതിൽ ഉൾപ്പെടുന്നു.

യേശു തന്റെ പിൻഗാമികളെ ഏല്പിച്ച ദൗത്യം നിറവേറ്റുന്നതിന് ശക്തി ആവശ്യമാണ്.

“നിങ്ങൾ ഭൂലോകത്തിലൊക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം അറിയിപ്പിൻ... വിശ്വസിക്കുന്നവരാൽ ഈ അടയാളങ്ങൾ നടക്കും; എന്റെ നാമത്തിൽ അവർ ഭൂതങ്ങളെ പുറത്താക്കും; പുതുഭാഷകളിൽ സംസാരിക്കും... രോഗികളുടെ മേൽ കൈവെച്ചാൽ അവർക്കു സൗഖ്യം വരും” (മർക്കോസ് 16:15-18). എന്നാൽ നമ്മുടെ സ്വന്തശക്തി കൊണ്ട് ഇത് അസാധ്യമാണ്.

പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണ്. ത്രിത്വത്തിൽ മൂന്നാമനാണെന്ന് നാം ഓർക്കണം. പരിശുദ്ധാത്മാവിന് പിതാവായ ദൈവത്തിനും പുത്രനായ യേശുവിനും ഒപ്പം സ്ഥാനമുണ്ട്. അവൻ നമ്മെ പിതാവിലേക്കും പുത്രനിലേക്കും നയിക്കുന്നു. അതാണ് നമ്മുടെ ഏറ്റവും വലിയ പ്രത്യാശ - ദൈവത്തെ അറിയുക, പിൻഗമിക്കുക, തന്റെ പ്രവർത്തികൾ ചെയ്യുക.

ശിഷ്യന്മാർക്ക് പരിശുദ്ധാത്മാവിനെ കൂടാതെ തങ്ങളുടെ പ്രവർത്തികൾ ഒന്നും സാധ്യമായിരുന്നില്ല. നാമും തനിച്ച് നമ്മുടെ ക്രിസ്തീയ ജീവിതം നയിക്കാൻ തുനിയരുത്. നാം നമ്മുടെ വാർഷിക കൺവൻഷനായി തിരുവല്ലയിൽ കൂടുമ്പോൾ, പരിശുദ്ധാത്മാവിന്റെ സാന്നിധ്യം നമ്മിൽ ഓരോ വ്യക്തിയിലും ആവസിക്കേണ്ടതിനായി പ്രാർഥിക്കുന്നു. വിശ്വാസികളുടെ ഐക്യതയ്ക്കു വേണ്ടി ഞാൻ പ്രാർഥിക്കുന്നു. സഭകളുടെ കൂട്ടായ സഹകരണത്തിനു വേണ്ടി ഞാൻ പ്രാർഥിക്കുന്നു. പരിശുദ്ധാത്മാവ് നമ്മിൽ പുതുജീവന്റെയും, പ്രോത്സാഹനത്തിന്റെയും, ശാക്തീകരണത്തിന്റെയും പ്രവർത്തി ചെയ്യേണ്ടതിനായി ഞാൻ പ്രാർഥിക്കുന്നു.



## എഡിറ്റോറിയൽ



പാസ്റ്റർ ഏബ്രഹാം
മന്ദമരുതി

# ദൈവത്തിന്റെ ദൗത്യവും മനുഷ്യന്റെ പങ്കാളിത്തവും

**സു**വിശേഷീകരണം എക്കാലത്തെയും സഭയുടെ പ്രധാന ദൗത്യമാണ്. സഭയുടെ നിലനിൽപ്പുതന്നെ അതിന്റെ നിയോഗവുമായുള്ള ബന്ധത്തിലാണ്. ദൗത്യം മറന്നുള്ള പ്രവർത്തനങ്ങൾ അഥവാ ദൗത്യത്തിൽ നിന്നും അന്യപ്പെട്ടുള്ള ശൈലി സഭയെ ഒരു സാധാരണ സംഘടന മാത്രമായി അധഃപതിപ്പിക്കും. സഭയുടെ മുന്നേറ്റവും ഭാവിയും ദൗത്യനിർവ്വഹണത്തെ ആശ്രയിച്ചു നിൽക്കുന്നു.

ദൗത്യം എന്ന പദം അപ്പൊസ്തലൻ എന്ന വാക്കിന്റെ ഗ്രീക്കു രൂപമായ അപ്പൊസ്റ്റലസ് എന്നതിൽ നിന്നും രൂപപ്പെട്ടതാണ്. 'അയയ്ക്കുക' എന്നാണ് ഇതിന്റെ അർഥം. പ്രേഷിത എന്ന വാക്കിന്റെ വ്യാചാർഥവും 'അയയ്ക്കുക' എന്നാണ്. പുതിയ നിയമത്തിൽ 135 പ്രാവശ്യം മൂലഭാഷയിൽ ഇത് ഉപയോഗിച്ചിരിക്കുന്നു.

ദൗത്യം ദൈവത്തിന്റേതാണ്. മനുഷ്യനുമായി പങ്കു ചേർന്ന് ദൈവം അത് നിർവ്വഹിക്കുന്നു എന്നതാണ് യാഥാർഥ്യം. അതുകൊണ്ടുതന്നെ, ദൈവത്തിന്റെ ദൗത്യമാണെന്ന തിരിച്ചറിവിൽ വേണം അതു നിർവ്വഹിക്കാൻ. ദൈവത്തെ മിഷനറി ദൈവമെന്ന് വിളിക്കുന്നത് തെറ്റല്ല. കാരണം അവിടുത്തെ പ്രേഷിത പ്രവർത്തനങ്ങൾ തിരുവചനത്തിലുടനീളം നമുക്കു കാണാം. പാപം ചെയ്ത് ദൈവത്തിൽ നിന്ന് ഓടിയൊളിച്ച ആദാമിനെയും ഹവ്വായെയും തേടി ചെല്ലുന്നതിലൂടെയും അവരെ തോൽകൊണ്ടു നിർമ്മിച്ച ഉടുപ്പു ധരിപ്പിക്കുന്നതിലൂടെയും ദൈവത്തിന്റെ പ്രേഷിത സ്വഭാവമാണ് കാണുന്നത്. പിന്നീട് മാനവജനതയുടെ രക്ഷയ്ക്കായി സ്വപുത്രനെ ഭൂമിയിലേക്ക് അയയ്ക്കുന്നതിലൂടെയും പുത്രനിലൂടെ ശിഷ്യരെ ആ ദൗത്യം തുടരുവാൻ നിയോഗിക്കുന്നതിലൂടെയും ദൈവത്തിന്റെ മിഷൻ പ്രവർത്തനങ്ങൾ ദർശിക്കാം.

ദൗത്യ നിർവ്വഹണം സഭയിലൂടെയാണ് സാധ്യമാകേണ്ടത്. സഭയുടെ കാതലായ ദൗത്യം എന്താണെന്ന് തിരുവചനത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. "നീ എന്നെ ലോകത്തിലേക്ക് അയച്ചിരിക്കുന്നതുപോലെ ഞാൻ അവരെയും ലോകത്തിലേക്ക് അയച്ചിരിക്കുന്നു" (യോഹ.17:18) എന്ന കർത്താവിന്റെ പ്രഖ്യാപനമാണ് സഭയുടെ ദൗത്യത്തിന്റെ അടിസ്ഥാനം. ക്രിസ്തുവിൽ ദൈവം ലോകത്തെ തന്നോടു നിരപ്പിച്ചതിനാൽ സുവിശേഷം സർവ്വലോകത്തിനും സദ്വാർഥയാണ്. ഈ സുവിശേഷത്തിന്റെ സാക്ഷ്യം വഹിക്കുക എന്നതാണ് സഭയുടെ നിയോഗം.

ദൗത്യ നിർവ്വഹണം എന്നതുകൊണ്ട് ലക്ഷ്യമാക്കുന്നത് യേശുക്രിസ്തുവിന്റെ രക്ഷണ്യ പദ്ധതി ലോകത്തോടറിയിക്കുകയും മനുഷ്യ സമൂഹത്തെ ക്രിസ്തുവിങ്കലേക്കു നയിക്കുകയും അതുവഴി ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കുകയും ചെയ്യുക എന്നതാണ്. ഈ ലക്ഷ്യ പ്രാപ്തിക്കുവേണ്ടി സഭ നടത്തുന്ന വചനഘോഷണം, സുവിശേഷം പങ്കിടീൽ, ജീവകാരുണ്യ - വിദ്യാഭ്യാസ - ആതുരസേവന - സാമൂഹ്യ പരിവർത്തന സംരംഭങ്ങൾ തുടങ്ങിയവയെല്ലാം മിഷൻ എന്നതിൽ ഉൾപ്പെടുന്നു.

ദൗത്യ നിർവ്വഹണത്തിൽ, ജഡാവതാരം പ്രാപിച്ച ക്രിസ്തുവിന്റെ ശൈലിയാണ് സഭയ്ക്കുണ്ടാകേണ്ടത്. ലോകത്തെ വീണ്ടെടുക്കാൻ ദൈവം പ്രദർശിപ്പിച്ച സ്നേഹമാണ് ജഡാവതാരത്തിന്റെ അടിസ്ഥാനം. ഇതുതന്നെയാകണം മിഷൻ പ്രവർത്തനങ്ങളുടെ പിന്നിലും. മറ്റൊരു വാക്കിൽ പറഞ്ഞാൽ, സുവിശേഷം വാക്കുകളിൽ മാത്രം പരിമിതപ്പെടുത്താതെ ജീവിത ശൈലികളിലൂടെ പ്രകടമാക്കണം. സ്നേഹിക്കുന്ന, പാപം ക്ഷമിക്കുന്ന, നിരപ്പിക്കുന്ന കർത്താവിനെ നമ്മിലൂടെ, നമ്മുടെ പ്രവർത്തനങ്ങളിലൂടെ ലോകം ദർശിക്കണം. അപ്പോഴാണ് സുവിശേഷം നമ്മിലൂടെ ജഡാവതാരം പ്രാപിക്കുന്നത്.





# വിസ്മരിക്കപ്പെടുന്ന വസ്തുതകൾ



പാസ്റ്റർ ഡോ. സാബുപോൾ

സമ്പത്തിന്റെ ദൈവശാസ്ത്രം അരങ്ങു വാഴാൻ തുടങ്ങിയതോടെ മുൻഗണനകൾക്ക് മാറ്റം സംഭവിച്ചു. സ്വർഗ്ഗീയ നന്മകളെക്കാൾ ഭൗതിക നന്മ, സ്വർഗ്ഗത്തെക്കാൾ ആഡംബര ഭവനങ്ങൾ, വാഹനങ്ങൾ, ആത്മീയതയെക്കാൾ ഭൗതീകത, വിശുദ്ധന്മാരുടെ കൂട്ടായ്മ എന്നതിനെക്കാൾ അശുദ്ധന്മാരും ഉൾപ്പെടുന്ന മെഗാ ചർച്ച്, ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കാൾ വിദേശ രാജ്യങ്ങളിലേക്കുള്ള വിസ, വിശ്വസ്തതയോടെയുള്ള പ്രവർത്തനങ്ങളെക്കാൾ മാർക്കറ്റിംഗ് തന്ത്രങ്ങൾ തുടങ്ങി നിത്യമായതിനെക്കാൾ താത്ക്കാലികമായതിന് അമിത പ്രാധാന്യം കൈവരാൻ തുടങ്ങി.

**വി**ലയില്ലാത്തതും വിലയേറിയതും തമ്മിൽ തിരിച്ചറിയേണ്ടത് അനുദിന ജീവിതത്തിൽ അത്യന്താപേക്ഷിതമാണ്. ഈ തിരിച്ചറിവാണ് അമൂല്യമായതിനെ ചേർത്തുവയ്ക്കാനും പാഴ്വസ്തുക്കളെ ഉപേക്ഷിക്കുവാനും ഒരുവനെ പ്രാപ്തനാക്കുന്നത്. ഒരു കുല പഴം കിട്ടിയപ്പോൾ "ആദ്യം തൊലി തിന്നാം. പിന്നെ പഴം കഴിക്കാം" എന്ന് ചിന്തിച്ച കുരങ്ങൻ തൊലി തിന്നു കഴിഞ്ഞപ്പോൾ പഴം കഴിക്കാൻ വയറ്റിൽ ഇടമില്ലാതെ നിരാശപ്പെട്ട ചിത്രം കേവലം നർമ്മമായി തോന്നാമെങ്കിലും പലരുടെയും ജീവിതത്തിൽ സംഭവിക്കുന്നുണ്ടെന്നതാണ് യാഥാർഥ്യം.

അമൂല്യമായ മുത്തിനു പിന്നാലെ ആഞ്ഞോടിയ അപ്പൊസ്തലനായ പൗലോസ് താല്ക്കാലികം, നിത്യം എന്നിങ്ങനെ വിലയില്ലാത്തതിനെയും വിലയേറിയതിനെയും തമ്മിൽ വേർതിരിക്കുന്നുണ്ട്. താത്ക്കാലികമായതിനെ തിരസ്കരിച്ച് നിലനിൽക്കുന്നതിന്റെ പിന്നാലെ ഓടാൻ അനുവാചകരെ അദ്ദേഹം ആഹ്വാനം ചെയ്യുന്നു. താല്ക്കാലികമായ ലോകത്തിലുള്ളത് 'നൊടി നേരത്തേക്കുള്ള' 'ലഘുവായ' കഷ്ടം എന്ന് നിസ്സാരമായി പറയുമ്പോൾ നിത്യമായതും ഘനമായതുമാണ് പിന്തുടരുവാൻ പ്രാധാന്യമേറിയതെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

ഐഹിക ലോകസാമ്രാജ്യം സ്ഥാപിക്കുമെന്ന് കാത്തിരുന്ന യെഹൂദനു മുമ്പിൽ വാഗ്ദത്ത മശിഹ പ്രസംഗിച്ചത് മുഴുൻ ഐഹികമല്ലാത്ത ദൈവരാജ്യത്തെ സംബന്ധിച്ചാണ്. ഭൗതിക നേട്ടങ്ങൾ ദിവ്യാനുഗ്രഹങ്ങളുടെ തെളിവെന്ന് വിശ്വസിച്ചുറപ്പിച്ചിരുന്ന യഹൂദ സമൂഹത്തിന്റെ പഴയനിയമ ചിന്തകളെ പൊളിച്ചെഴുതിക്കൊണ്ട് സ്വർഗ്ഗരാജ്യത്തിനുവേണ്ടി ഭൗതീക നന്മകളെയും സാഹചര്യങ്ങളെയും ത്യജിക്കാൻ അവിടുന്ന് ആഹ്വാനം ചെയ്തു.

യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളെ വൈമനസ്യത്തോടെയാണ് അംഗീകരിക്കാൻ തുടങ്ങിയതെങ്കിലും ക്രിസ്തീയ മൂല്യങ്ങളെ പിന്തുടർന്നവർ ക്രമേണ പ്രത്യക്ഷലോകത്തിലെ നേട്ടങ്ങളെക്കാൾ അഗോചരവും അതിശ്രേഷ്ഠവുമായ ലോകത്തെക്കുറിച്ച് പ്രത്യാശിക്കാൻ തുടങ്ങി. പൗലോസിനെപ്പോലെ ചിലർ വെളിപ്പാടുകളിൽ ആ ലോകത്തിന്റെ ഭാഗികമായ ദർശനം പ്രാപിച്ചപ്പോൾ ഈ ലോകത്തിലെ സ്ഥാനമാനങ്ങളും നേട്ടങ്ങളുമെല്ലാം ചപ്പും ചവറുമാണെന്ന് തിരിച്ചറിഞ്ഞു.

ത്യാഗത്തിന്റെ മുദ്രാവാക്യമുയർത്തിയ ക്രിസ്തുവിനെ അനുഗമിച്ചവരെല്ലാം പൊന്നും വെള്ളിയും നേടുന്നതിനെക്കാൾ വിലയേറിയ മുത്തായ ക്രിസ്തുവിനെയും അവന്റെ ശക്തിയെയും വാരിപ്പുണർന്നു. അവരിൽനിന്ന് പുറപ്പെട്ട പരിശുദ്ധാത്മ ശക്തി അത്ഭുതങ്ങളും അടയാളങ്ങളും നടത്തി. ലോകത്തെയും സമ്പത്തിനെയും തൃണവൽക്കരിച്ചവരുടെ മുമ്പിൽ ലോകം കീഴടങ്ങി. ക്രൈസ്തവ വിശ്വാസം ലോകമെങ്ങും വ്യാപിച്ചു.

പെന്തെക്കോസ്തിന്റെ അഗ്നി മലങ്കരയിൽ വ്യാപരിച്ചപ്പോഴും ലോകനേട്ടങ്ങളെക്കാൾ നിത്യമായതിനു വേണ്ടിയുള്ള ആഹ്വാനങ്ങളാണ് മുന്നിട്ടുനിന്നത്. സ്വർഗ്ഗവും നരകവും ക്രിസ്തുവിന്റെ രണ്ടാം വരവും അന്നത്തെ പ്രഭാഷണങ്ങളിലെ അവിഭാജ്യഘടകങ്ങളായിരുന്നു. നരകത്തിന്റെ നിജസ്ഥിതി ഗ്രഹിച്ച മനുഷ്യൻ സ്വർഗ്ഗത്തിനവകാശികളാകാൻ ദുഃസ്വഭാവങ്ങളെയും പാരമ്പര്യങ്ങളെയും പൊട്ടിച്ചെറിച്ചു. ത്യജിക്കുന്നവരുടെ കൂട്ടം സമൂഹത്തെ ശക്തമായി സ്വാധീനിക്കുവാൻ തുടങ്ങി.

എന്നാൽ സമ്പത്തിന്റെ ദൈവശാസ്ത്രം അരങ്ങു വാഴാൻ തുടങ്ങിയതോടെ മുൻഗണനകൾക്ക് മാറ്റം സം



ബൈബിൾ മാറ്റമില്ലാത്ത ദൈവവചനമാണ്. നരകത്തെക്കുറിച്ച് പറഞ്ഞതാരെന്നത് ഏറെ ശ്രദ്ധേയമായ കാര്യം. സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന, മരിച്ചുയിർത്തെഴുന്നേറ്റ് വീണ്ടും പ്രത്യക്ഷനായ ദൈവപുത്രനായ ക്രിസ്തുവാണ് നരകത്തെക്കുറിച്ചും അവിടെ പോകുന്നതാരെന്നും വ്യക്തമാക്കിയിരിക്കുന്നത്. ന്യായവിധി നടത്തി നരകത്തിലേക്ക് അയയ്ക്കുന്ന വ്യക്തി തന്നെയാണ് ഇക്കാര്യങ്ങൾ പ്രസ്താവിച്ചത് എന്നതിനാൽ വാക്കുകൾക്ക് ആധികാരികത ഏറെയാണ്.

ഭവിച്ചു. സ്വർഗ്ഗീയ നന്മകളെക്കാൾ ഭൗതിക നന്മ, സ്വർഗ്ഗത്തെക്കാൾ ആഡംബര ഭവനങ്ങൾ, വാഹനങ്ങൾ, ആത്മീയതയെക്കാൾ ഭൗതീകത, വിശുദ്ധന്മാരുടെ കൂട്ടായ്മ എന്നതിനെക്കാൾ അശുദ്ധന്മാരും ഉൾപ്പെടുന്ന മെഗാ ചർച്ച്, ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കാൾ വിദേശ രാജ്യങ്ങളിലേക്കുള്ള വിസ, വിശ്വസ്തതയോടെയുള്ള പ്രവർത്തനങ്ങളെക്കാൾ മാർക്കറ്റിംഗ് തന്ത്രങ്ങൾ തുടങ്ങി നിത്യമായതിനെക്കാൾ താത്ക്കാലികമായതിന് അമിത പ്രാധാന്യം കൈവരാൻ തുടങ്ങി.

പക്ഷെ കാലഘട്ടങ്ങളും പ്രത്യയശാസ്ത്രങ്ങളും മാറുന്നതനുസരിച്ച് ദൈവവചനത്തിന്റെ മുൻഗണനകൾ മാറുന്നില്ല. അഭക്തിയുടെ വൃഥാലാപങ്ങൾ അർബുദ വ്യാധിപോലെ വ്യാപിക്കുമ്പോഴും "ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം നിലനിൽക്കുന്നു" (1 തിമൊ. 2:18) എന്ന് പൗലോസ് നിസ്സംശയം പ്രസ്താവിക്കുന്നു.

കേരളത്തിന്റെ രാഷ്ട്രീയ, സാമൂഹിക മണ്ഡലങ്ങളിൽ ദ്രുതചലനം സൃഷ്ടിക്കുന്ന പല കേസുകളും ഉയർന്നുവരുന്ന ഒരു കാലഘട്ടം കൂടെയാണിത്. നന്മ നിറഞ്ഞ നായക കഥാപാത്രങ്ങൾക്ക് ജീവൻ പകർന്നവർ തിരശ്ശീലയ്ക്ക് പിന്നിൽ ആടിതീർത്തത് ദുഷ്ടവേഷങ്ങളാണെന്ന തിരിച്ചറിവ് ഞെട്ടലോടെ ജനം മനസ്സിലാക്കുന്നു. കോടതികളെയും അന്വേഷണോദ്യോഗസ്ഥന്മാരെയും സ്വാധീനിക്കാൻ കഴിയുന്നവർ, തെളിവുകളിലെ പഴുതുകൾ കണ്ടുപിടിക്കാൻ സമർത്ഥരായ അഭിഭാഷകരെ ഇറക്കുമതി ചെയ്യുന്നവർ, ഒരുപക്ഷെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുകയോ, ശിക്ഷ ലഘുവാക്കുകയോ ചെയ്തേക്കാം. ജീവപര്യന്തം ശിക്ഷയ്ക്ക് വിധിക്കപ്പെടുന്നവർ പോലും പതിനാലു വർഷം പൂർത്തീകരിക്കപ്പെടുമ്പോൾ പുറത്തിറങ്ങുന്നു (ഈയിടെ സുപ്രീം കോടതി പ്രസ്തുത വിധിയിൽ വ്യക്തത വരുത്തിയിട്ടുണ്ട് എന്നത് വിസ്മരിക്കുന്നില്ല)

ഈ ലോകത്തിലെ പല വ്യവസ്ഥിതികളും സ്വർഗ്ഗീയമായതിന്റെ നിഴലാണെന്ന് വചനം ചൂണ്ടിക്കാണിക്കുന്നു. ന്യായവിധിയും ശിക്ഷയും സുവ്യക്തമായി വചനം പ്രതിപാദിക്കുന്നുണ്ട്. പലരുടയും ചിന്ത ഇഹലോകത്തിലെ കോടതിപോലെ നല്ലനടപ്പുമൂലം റദ്ദാക്കപ്പെടാൻ സാദ്ധ്യതയുള്ളതാണ് ദൈവീക ശിക്ഷാനടപടികൾ എന്നാണ്. സ്നേഹസ്വരൂപനായ ദൈവം ഒരിക്കലും മനുഷ്യനെ നരകത്തിൽ വിടുകയേ ഇല്ല എന്ന് സ്വയം സമാധാനിക്കുന്നവരുമുണ്ട്.

നരകം ഒരു താൽക്കാലിക താവളമല്ല ഭൂമിയിൽ പ്രാർഥിക്കാൻ ആരെങ്കിലുമുണ്ടെങ്കിൽ പരോൾ കിട്ടുന്ന സ്ഥലവുമല്ല. യേശുക്രിസ്തുവിനാൽ ന്യായം വിധിക്കപ്പെട്ടവർ ആത്യന്തികമായി അയയ്ക്കപ്പെടുന്ന സ്ഥലമാണത്. നിത്യാഗ്നി (മത്താ. 25:41), നിത്യദണ്ഡനം (മത്താ. 25:46), കെടാത്ത തീ (മത്താ. 3:12) എന്നീ പ്രയോഗങ്ങൾ തന്നെ നരകം നിത്യമാണ് എന്ന് തെളിയിക്കുന്നു.

ബൈബിൾ മാറ്റമില്ലാത്ത ദൈവവചനമാണ്. നരകത്തെക്കുറിച്ച് പറഞ്ഞതാരെന്നത് ഏറെ ശ്രദ്ധേയമായ കാര്യം. സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന, മരിച്ചുയിർത്തെഴുന്നേറ്റ് വീണ്ടും പ്രത്യക്ഷനായ ദൈവപുത്രനായ ക്രിസ്തുവാണ് നരകത്തെക്കുറിച്ചും അവിടെ പോകുന്നതാരെന്നും വ്യക്തമാക്കിയിരിക്കുന്നത്. ന്യായവിധി നടത്തി നരകത്തിലേക്ക് അയയ്ക്കുന്ന വ്യക്തി തന്നെയാണ് ഇക്കാര്യങ്ങൾ പ്രസ്താവിച്ചത് എന്നതിനാൽ വാക്കുകൾക്ക് ആധികാരികത ഏറെയാണ്.

സാത്താനും അവന്റെ ദൂതന്മാർക്കുമാണ് നരകം ഒരുക്കിയതെങ്കിലും (മത്താ. 25:4), ക്രിസ്തുവിനെയും ദൈവിക പ്രമാണങ്ങളെയും അവഗണിക്കുന്നവർ അവിടേക്ക് നിത്യദണ്ഡനത്തിനായി അയയ്ക്കപ്പെടും. യേശു തന്നെ വെളിപ്പെടുത്തിയതനുസരിച്ച് സഹോദരനെ അപഹസിക്കുന്നവൻ അഗ്നിനരകത്തിന് യോഗ്യനാകും (മത്താ. 5:22). അങ്ങനെയെങ്കിൽ മറ്റുള്ളവരെ ഇകഴ്ത്തിക്കാട്ടി ആത്മീയ ലോകത്തെ തെരഞ്ഞെടുപ്പുകളിൽ മത്സരിച്ച് വിജയിക്കുന്നവർക്ക് എന്ത് സംഭവിക്കും? പാപസ്വഭാവങ്ങൾക്ക് മേൽ ജയിക്കാൻ കഴിയാത്തവൻ നരകത്തിനവകാശിയാകും (മത്താ. 5:29 -30). കപടഭക്തി അഭിനയിച്ച് അരങ്ങു തകർക്കുന്നവർക്കും നരകമാണ് ആത്യന്തിക പാർപ്പിടം (മത്താ. 23:15-33).

യേശുക്രിസ്തു ദൂതൻ മുഖാന്തരം യോഹന്നാന് പ്രദർശിപ്പിച്ച വെളിപ്പാടിലും നരകത്തിൽ പോകുന്നവരുടെ പട്ടികയുണ്ട്. ജീവപുസ്തകത്തിൽ പേരെഴുതി കാണാത്തവരെ കൂടാതെ (വെളി. 20:15), ഭീരുക്കൾ, അവിശ്വാസികൾ, അറെക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ, ഭോഷ്ക് പറയുന്നവർ (വെളി. 21:8) എന്നിവരും നരകത്തിൽ ദണ്ഡനമനുഭവിക്കേണ്ടിവരും. പ്രസ്തുത പട്ടികയിലെ ദുർന്നടപ്പ്, ഭോഷ്ക് എന്നിവ ആത്മീയ ഗോളത്തിലും കടന്നുകയറിയിട്ടുണ്ടെന്ന് മാത്രമല്ല അതിനെ ഗൗരവമായി കാണാത്തവർ ധാരാളമുണ്ടുതാനും. ഭോഷ്കിന് പോലും ഒരു വ്യക്തിയെ നരകത്തിലെത്തിക്കാൻ കഴിയുമെങ്കിൽ പ്രവാസകാലം എത്ര ഭയഭക്തിയോടെ കഴിക്കണം! വസ്തുതകളെ വിസ്മരിക്കരുത്. നിലനിൽക്കുന്നതിനുവേണ്ടി താൽക്കാലികമായ ദൈവഹിതവിരുദ്ധമായവയോട് അകന്നു നിൽക്കാൻ ദൈവജനത്തിന് കഴിയണം.



# സമകാലിക ക്രൈസ്തവ ദൗത്യം

## ഒരു പുനർവായന



**പാസ്റ്റർ പ്രസാദ് ഏബ്രഹാം,
വളഞ്ഞവട്ടം**

**ലോ**കത്തിന്റെ സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക ചരിത്രം ഒരു വഴിത്തിരിവിന്റെ വക്കിലാണ്. ഏറ്റവും ഉത്കണ്ഠാജനകമായ പ്രതിസന്ധിയിലാണ് മാനവകുലം മുഴുവൻ. വർത്തമാനകാല ഭാരത പശ്ചാത്തലവും പ്രത്യാശാജനകമല്ല. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യവും ഏറ്റവും കൂടുതൽ വ്യത്യസ്ത മതങ്ങൾ, ആചാരവിശ്വാസപ്രമാണങ്ങൾ, ഭാഷകൾ, സംസ്കാരങ്ങൾ തുടങ്ങിയ ബഹുലതയുടെ നാട്ടിൽ വിഘടനത്തിന്റെ, വേർതിരിവിന്റെ വിഷവിത്തുകൾ വേണ്ടുവോളം വീണ് കിളിർത്തു കഴിഞ്ഞു.

ആത്മീയതയുടെ (പല നിറത്തിലുള്ള) മൂടുപടമണിഞ്ഞ് അനാചാരത്തിന്റെയും അന്ധവിശ്വാസത്തിന്റെയും കളിത്തൊട്ടിലായി ഭാരതം മാറിക്കഴിഞ്ഞു. സ്വകാര്യവത്ക്കരിക്കപ്പെടുന്ന മതവും, കപട ആത്മീകതയും തഴച്ചുവളർന്ന് പന്തലിക്കാൻ വളക്കൂറുള്ള മണ്ണായി ഇവിടം ഗതിമാറിക്കഴിഞ്ഞു. ആത്മീയ ക്രിമിനലിസത്തിന്റെ ആവാസകേന്ദ്രമായി ഈ നാട് മാറിക്കഴിഞ്ഞതായി സംഭവങ്ങൾ വിളിച്ചുപറയുന്നു.

സാമ്പത്തികമായ പ്രാന്തവൽക്കരണം തുടങ്ങി ആഗോളീകരണത്തിന്റെ വിപത്തുകൾ വരെ നിത്യം നമ്മെ കടന്നാക്രമിക്കുന്നു. ആദികാലങ്ങളുടെ മഹത്വം വാഴ്ത്തി പൂർവ്വികതയിലേക്ക് മടങ്ങി പിടിച്ചുനിൽപ്പാനുള്ള ശ്രമങ്ങൾ ഒരു വശത്ത്. ചെറുത്തു നിൽക്കാനാവില്ല. അതുകൊണ്ട് കാലത്തിന്റെ കുത്തൊഴുക്കിൽ ലയിച്ച്ചേരുക എന്ന മൃദു സമീപനം മറുവശത്ത്. അടുത്തത് നിസംഗത എന്ന തണുപ്പൻ സമീപനം. ഇത് എന്റെ പ്രശ്നമല്ല, ഞാനിവിടിത്തുകാരനല്ല എന്ന് പൊതുവെ സഭകൾ സ്വീകരിക്കുന്ന 'രക്ഷപ്പെടൽ" നയം!

വർത്തമാനകാല പരിവർത്തനങ്ങളുടെ മലവെള്ളപ്പാച്ചിലിൽ ഒലിച്ച് പോകാതിരിക്കാൻ സഭയുടെ സമീപനം, ദൗത്യനിർവഹണം, സാമൂഹിക കാഴ്ചപ്പാട് എന്നിവ ഒരു പുനർവായനയ്ക്ക് വിധേയമാകണം. പുതിയ ചോദ്യങ്ങൾക്കും ഉത്തരാധുനികത ഉയർത്തുന്ന വെല്ലുവിളികൾക്കും ക്രൈസ്തവ സഭ എങ്ങനെ മറുപടി പറയും? അടിക്കടി പരിവർത്തനത്തിനു വിധേയമായിക്കൊണ്ടിരിക്കുന്ന സമസ്ത മേഖലകളിൽ സഭ അതിന്റെ ക്രിസ്തുകേന്ദ്രീകൃത സാക്ഷ്യം എങ്ങനെ നിവർത്തിക്കും? സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക മലക്കംമറിച്ചിലുകൾ കണ്ടില്ല എന്നു നടിച്ച് പുറംതിരിഞ്ഞ് നിൽക്കുന്നത് എത്രനാൾ?

സ്നേഹവാനായ ദൈവത്തിന്റെ, മനുഷ്യനോടുള്ള കാരുണ്യം യേശുക്രിസ്തുവിൽ നിവർത്തിച്ചതിന്റെ പരിണിത ഫലമാണ് ദൈവസഭ. ദൈവത്തിന്റെ കൃപാധനപ്രകാരം യേശുക്രിസ്തുവിൽ കൂടി താൻ വിളിച്ച വിളി കേട്ടനുസരിച്ച ദൈവത്തിന്റെ പ്രത്യേക സമ്പത്താണ് ദൈവസഭ. ഇത് ക്രിസ്തുവിന്റെ ശരീരമാണ്, ക്രിസ്തു സഭയുടെ മൂലക്കല്ലും, തലയുമാണ്; ക്രിസ്തുവിന്റെ രക്തത്തിൽ ശുദ്ധീകരിക്കപ്പെട്ടതും, വിലയ്ക്കു വാങ്ങിയതുമാണ് ദൈവസഭ. അതിനാൽ തന്നെ ക്രിസ്തുവിന്റെ സ്നേഹത്താൽ, ക്രിസ്തുവിനുവേണ്ടി സഭ സമൂഹത്തിൽ ക്രിസ്തുകേന്ദ്രീകൃത ജീവിതശൈലിയും ദൗത്യവും എല്ലാ തലങ്ങളിലും പ്രതിഫലിപ്പിക്കേണ്ടതാണ്. ക്രിസ്തുവിന് പകരം സ്ഥാനപതികളാണ് നാം എന്നത് നമ്മുടെ പദവിയും, കർമ്മകാണ്ഡവും, ഉത്തരവാദിത്വവും വിളിച്ചറിയിക്കുന്നു. പിതാവാം ദൈവം ഏത് ഉദ്ദേശത്തോടുകൂടി പുത്രനെ ഈ ലോകത്തിലേക്ക് അയച്ചുവോ, ആ ലക്ഷ്യപ്രാപ്തിക്കുതന്നെയാണ് സഭയും ലോകത്തിൽ ചെയ്യേണ്ടത് (യോഹ. 20:21). So, I

**(ശേഷം പേജ് 7)**



# ആരാധനയിൽ സംഗീതത്തിനുള്ള പങ്ക്

സാം റ്റി. മുഖത്തല

ദൈവം സൃഷ്ടിച്ച പ്രപഞ്ചം സംഗീത സാന്ദ്രമാണ്. വിശുദ്ധ വേദപുസ്തകം സംഗീതത്തിന് വളരെ പ്രാധാന്യം നൽകുന്നു. ക്രിസ്തീയ ആരാധനകളിൽ സംഗീതം ഒഴിച്ചുകൂടാൻ പറ്റാത്തതാണ്.

സംഗീതം സാഗരമാണെന്നും, സംഗീതത്തിന് പലതിനെയും ചലിപ്പിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നു. സംഗീതം അതിന്റെ ശരിയായ തലത്തിൽ ആലപിച്ചാൽ അത്ഭുതങ്ങൾ പോലും സംഭവിക്കുമെന്ന് സംഗീത പൈതൃകം സൂക്ഷിച്ചുപോരുന്നവർ വിശ്വസിക്കുന്നു. അങ്ങനെയെങ്കിൽ; സംഗീതത്തിലൂടെ സത്യദൈവത്തെ സ്തുതിക്കുകയാണെങ്കിൽ അത്ഭുതങ്ങൾ തീർച്ചയായും സംഭവിക്കും. ആരാധനയെ ആവേശമാക്കാനും, ആഘോഷമാക്കാനും, അർത്ഥരാത്രിയെ അർത്ഥവത്താക്കാനും അതിലൂടെ വേദനിക്കുന്നവർക്ക് സാന്ത്വനവും ആശ്വാസവും ഏകാൻ എക്കാലത്തും ക്രിസ്തീയ ഗാനങ്ങൾക്ക് കഴിയും. അനശ്വര ഗാനത്തിൻ പ്രതിധ്വനിയാൽ വിരസതയ്ക്ക് വിരാമം വരാനും, ദൈവിക കാര്യങ്ങളിൽ സജീവമാകാനും അതുവഴി ദൈവേഷ്ടം തിരിച്ചറിയാനും സാധിക്കും.

വിശുദ്ധ വേദപുസ്തകം സംഗീതത്തിന് വളരെ പ്രാധാന്യം നൽകുന്നു. ദാവീദുരാജാവ് ഉൾപ്പെടെയുള്ളവർ എഴുതിയ സങ്കീർത്തനങ്ങൾ 150 അദ്ധ്യായങ്ങളുള്ള പാട്ടുകളാണ്. വിശുദ്ധ വേദപുസ്തകത്തിലെ 66 പുസ്തകങ്ങളിൽ ഒരു പുസ്തകം (സങ്കീർത്തനങ്ങൾ) പാട്ടാണ്. ക്രൈസ്തവ സമൂഹത്തിന്റെ ആരാധനകളിൽ സങ്കീർത്തനങ്ങൾ എപ്പോഴും ഉൾപ്പെടുത്താറുണ്ട്. പാടുവീൻ എന്ന് വേദപുസ്തകം പറയുന്നു (സങ്കീ. 149:1). യഹോവയ്ക്ക് പുതിയ പാട്ടും സ്തുതിയും പാടുവീൻ. വേദപുസ്തകത്തിൽ ആദ്യമായി സംഗീതം കാണുന്നത്, ഉൽപ. 31:27) ആണ്. സംഗീതത്തോടും, വീണയോടുംകൂടെ അയച്ചു എന്നു കാണുന്നു. ആരാധനകളിൽ സംഗീതത്തിന്റെ ലക്ഷ്യം (1 ദിനവൃ. 16:4-9) ദൈവത്തെ ആരാധിപ്പാനാണ്. ദൈവാലോചന കിട്ടാൻ പാട്ടുകൾ പാടിയിട്ടുണ്ട്. (2 രാജാ. 3:15,16). യഹോവയ്ക്ക് പാട്ടു പാടി ശത്രുവിനെ ജയിച്ചിട്ടുണ്ട് (2 ദിന. 20:21,22).പുതിയ പാട്ടോടെ ആരാധിക്കുക. രക്ഷിക്കപ്പെട്ടവൻ പാടി സ്തുതിക്കുക (സങ്കീ. 40:2,8). സംഗീതത്തിന്റെ പ്രാധാന്യതയെക്കുറിച്ച് തിരുവചനത്തിൽ നിരവധി വാക്യങ്ങൾ ഉണ്ട്. ഞാൻ പാട്ടോടെ ദൈവത്തെ സ്തുതിക്കും (സങ്കീ. 69:30). സ്തുതി പാടും (സങ്കീ. 71:23). സങ്കീർത്തനത്തോടെ ഘോഷിക്കുക (സങ്കീ. 95:2). യഹോവയ്ക്ക് പാടി വാഴ്ത്തുവിൻ (സങ്കീ. 96:2). യഹോവയ്ക്ക് പാടുന്നത് നല്ലത് (സങ്കീ. 147:1). പൗലോസും, ശീലാസും അർദ്ധരാത്രിയിൽ പാടി സ്തുതിച്ചപ്പോൾ ബന്ധനം അഴിഞ്ഞു.

> ജീവിതാനുഭവങ്ങളിൽ ഭക്തൻമാർ എഴുതിയിട്ടുള്ള ഗാനങ്ങൾ പാടി ആരാധിക്കുമ്പോൾ ഇന്നും രോഗ സൗഖ്യങ്ങളും, സാന്ത്വനവും, മാനസിക സൗഖ്യവും ഉണ്ടാകുന്നു. ഒരു ഗാനരചയിതാവ് എന്ന നിലയിൽ ഈ എഴുത്തുകാരൻ നിരവധി സാക്ഷ്യങ്ങൾ കേട്ടിട്ടുണ്ട്. ദുഃഖിക്കുന്നവന് ആശ്വാസമായി ഇന്നും ക്രൈസ്തവ ഗാനങ്ങൾക്ക് ഇടവരുന്നു. വിവിധ ജാതിസമൂഹത്തിൽപ്പെട്ടവർ പോലും ക്രിസ്തീയ ഗാനങ്ങൾ കേൾക്കാൻ ആഗ്രഹിക്കുന്നു എന്നതാണ് സത്യം.

ജീവിതാനുഭവങ്ങളിൽ ഭക്തന്മാർ എഴുതിയിട്ടുള്ള ഗാനങ്ങൾ പാടി ആരാധിക്കുമ്പോൾ ഇന്നും രോഗസൗഖ്യങ്ങളും, സാന്ത്വനവും, മാനസിക സൗഖ്യവും ഉണ്ടാകുന്നു. ഒരു ഗാനരചയിതാവ് എന്ന നിലയിൽ ഈ എഴുത്തുകാരൻ നിരവധി സാക്ഷ്യങ്ങൾ കേട്ടിട്ടുണ്ട്. ദുഃഖിക്കുന്നവന് ആശ്വാസം നല്കാൻ ഇന്നും ക്രൈസ്തവ ഗാനങ്ങൾക്ക് ഇടവരുന്നു. വിവിധ ജാതിസമൂഹത്തിൽപ്പെട്ടവർ പോലും ക്രിസ്തീയ ഗാനങ്ങൾ കേൾക്കാൻ ആഗ്രഹിക്കുന്നു എന്നതാണ് സത്യം.

സംഗീതത്തിന് ക്രൈസ്തവ ഗാനത്തിന് ആരാധനകളിൽ സ്ഥാനം ഉണ്ട്. പരിശോധനകളും, പ്രതിസന്ധിയിലും കടന്നുപോകുന്ന ജനം സഭാ ആരാധനകളിൽ പങ്കെടുക്കുമ്പോൾ;

(ശേഷം പേജ് 14)

# സമകാലിക ക്രൈസ്തവ ദൗത്യം

**5-ാം പേജ് തുടർച്ച**

send you (church) to the world. യേശു പിതാവിനാൽ അയയ്ക്കപ്പെട്ടു, പിതാവ് - പുത്ര കൂട്ടായ്മയിലൂടെ പരിശുദ്ധാത്മാവിനെ ലോകത്തിലേക്ക് അയച്ചു. പരിശുദ്ധ ത്രിത്വം സഭയെയും അയയ്ക്കുന്നു (It is the very act of 'sending mission of God).

യേശുക്രിസ്തു ഈ ലോകത്തിൽ ചെയ്തുതീർത്ത എല്ലാ മാനുഷിക ദൗത്യവും ചെയ്യുവാനാണ് സഭയെ ഉത്തരവാദിത്തപ്പെടുത്തിയിരിക്കുന്നത്. ഇതിൽ സാമൂഹികമായ ഇടപെടലുകൾ കാണാം, ധാർമ്മിക മൂല്യങ്ങളിലുണ്ടായ തിരുത്തലുകൾ ഉണ്ട്, രാഷ്ട്രീയ-മതപരമായ തിരുത്തലുകൾക്ക് ഉള്ള സ്വാധീനം ഉണ്ട്. ശാരീരിക-മാനസിക-ആന്തരിക സൗഖ്യത്തിന്റെ ആവശ്യകതയും യേശുക്രിസ്തുവിന്റെ ശുശ്രൂഷയിൽ നമുക്കു കാണാം. ചുരുക്കത്തിൽ ഒരു മനുഷ്യന്റെ സമസ്ത മേഖലകളിലും സ്വാധീനം ചെലുത്തുന്ന ദൗത്യം ആണ് ഇന്നിന്റെ സഭയിൽ നിന്ന് ദൈവം പ്രതീക്ഷിക്കുന്നത് (A Wholistic mission of the church). ഇത് കേവലം സോൾ വിന്നിംഗ് ദൗത്യമോ അനുഗ്രഹത്തിന്റെ കവിഞ്ഞൊഴുക്കോ, ഭൗതിക വളർച്ചയുടെ ഉത്സവമോ അല്ല. മറിച്ച് നാം വസിക്കുന്ന ചുറ്റുപാടിന്റെ വേദനകളും, സ്പന്ദനങ്ങളും തിരിച്ചറിഞ്ഞുള്ള ക്രിസ്തുകേന്ദ്രീകൃത സുവിശേഷഘോഷണവും, പ്രവർത്തനങ്ങളിലൂന്നിയ ദൗത്യവും ആണ്.

ദൈവസഭ ജാതികളെപ്പോലെ, അധികാരവും, കരുത്തും കാട്ടി അടിച്ചേൽപ്പിക്കുന്നതല്ല (മർക്കോസ് 10: 42-43). എന്നാൽ സേവനത്തിലൂന്നിയ ശുശ്രൂഷയുടെ വിളനിലമാണ്. ഇതാണ് യേശുക്രിസ്തു കാട്ടിയ മാതൃകാപരമായ ദൗത്യം. ശുശ്രൂഷയും ഔന്നത്യം ത്യജിച്ച് അധികാരത്തിന്റെ വഴി തേടുമ്പോൾ, ധനസമ്പാദനത്തിന്റെയും, അത് നിലനിൽക്കാനുള്ള കുടിലശ്രമങ്ങൾ നടത്തുമ്പോൾ സഭയുടെയും, ദൗത്യത്തിന്റെയും നന്മ നഷ്ടപ്പെട്ട് കേവലം ഒരു സംഘടനയോ ക്രിസ്ത്യൻ ക്ലബ് ആയോ താഴ്ത്തിക്കെട്ടപ്പെടും. സ്വന്ത താല്പര്യങ്ങളെ സംരക്ഷിക്കുന്നവരും, സ്തുതിപാഠകരുടെ കൂട്ടമായും നേതൃനിര മാറുമ്പോൾ താഴേത്തട്ടിലേക്ക് നാം കൈമാറുന്ന സന്ദേശം വികലമാണ്. തലയായ ക്രിസ്തുവിന്റെ ഭാവം ഉൾക്കൊള്ളാതെ, ക്രിസ്തുവിനു തുല്യമായ ശുശ്രൂഷ നിർവഹിക്കാതെ സഭയ്ക്ക് ക്രിസ്തുവിന്റെ ശരീരം എന്നത് കേവലം ഒരു ആലങ്കാരിക പ്രയോഗം മാത്രമായിരിക്കും.

**ദൈവസഭ സമൂഹത്തിന്റെ വഴികാട്ടിയും മനസ്സാക്ഷിയുമാണ്. ചരിത്രത്തിൽ പ്രവർത്തിച്ച – നിന്നും ചരിത്രത്തെ നിയന്ത്രിക്കുന്ന ദൈവത്തിന്റെ കൂട്ടുവേലക്കാരായി, സ്ഥാനാപതികളായി ചരിത്രം സൃഷ്ടിക്കാൻ സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അതിന് കാലത്തിന്റെ അടയാളങ്ങളെ അവ അർഹിക്കുന്ന പ്രാധാന്യത്തോടെ കണക്കിലെടുത്താൽ മാത്രമേ ചരിത്രത്തെയും സമൂഹത്തെയും സ്വാധീനിക്കാൻ സാധിക്കുകയുള്ളു.**

സമൂഹത്തിൽ വസിക്കയും, നിരന്തരം ഇടപെടുകയും, സമൂഹത്തെ സ്വാധീനിക്കുകയും, സമൂഹത്തിൽ വെളിച്ചം പരത്തുകയും, എന്നാൽ സമൂഹത്താൽ സ്വാധീനിക്കപ്പെടാതിരിക്കുകയും ചെയ്യുന്ന ദൈവജനമാണ് ക്രൈസ്തവ സഭ. ലോകത്തോട് അനുരൂപമാകാതെ (റോമ. 12:1) ലോകത്തുനിന്ന് പിൻവാങ്ങി പോകാതെ ഉത്തരവാദിത്വമുള്ള കറക്ടീവ് ഫോഴ്സ് ആയി സഭ മാറുമ്പോൾ മാത്രമേ - ഉപ്പിനേപ്പോലെ, വെളിച്ചത്തെപ്പോലെ, പുളിച്ചമാവ് പോലെ ശുശ്രൂഷിപ്പാനുള്ള ദൗത്യബോധം സഭയ്ക്ക് ഉണ്ടാകുകയുള്ളു.

ലോകത്തിൽ ദൈവമർമ്മങ്ങളെ വ്യാഖ്യാനിക്കാനും, ലോകസ്നേഹികളെ ദൈവസ്നേഹികളാക്കി നിത്യത ഉറപ്പാക്കുന്ന സ്വർഗ്ഗീയ ശുശ്രൂഷ ദൈവം സഭയെ അധികാരപ്പെടുത്തിയിരിക്കുന്നു. അതിനാലാണ് സഭ ഒരു സാമൂഹികസ്ഥാപനമായി മാത്രം തരംതാണുപോകാതിരിക്കാൻ ജാഗ്രത പാലിക്കേണ്ടത്.

ദൈവസഭ സമൂഹത്തിന്റെ വഴികാട്ടിയും മനസ്സാക്ഷിയുമാണ്. ചരിത്രത്തിൽ പ്രവർത്തിച്ച ഇന്നും ചരിത്രത്തെ നിയന്ത്രിക്കുന്ന ദൈവത്തിന്റെ കൂട്ടുവേലക്കാരായി, സ്ഥാനാപതികളായി ചരിത്രം സൃഷ്ടിക്കാൻ സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അതിന് കാലത്തിന്റെ അടയാളങ്ങളെ അവ അർഹിക്കുന്ന പ്രാധാന്യത്തോടെ കണക്കിലെടുത്താൽ മാത്രമേ ചരിത്രത്തെയും സമൂഹത്തെയും സ്വാധീനിക്കാൻ സാധിക്കുകയുള്ളു. മാറുന്ന സാമൂഹികപരിവർത്തനം, തത്വചിന്തകൾ, വളരുന്ന പുതുതലമുറയുടെ അതിവേഗം മാറ്റത്തിന് വിധേയമാകുന്ന ചിന്താഗതികളെയും ആശയങ്ങളെയും മനസ്സിലാക്കി പ്രതികരിക്കാൻ കഴിയാത്തവരാണ് പാരമ്പര്യവും, പരിചയവും ഉയർത്തിപ്പിടിച്ച് ആത്മീയതയുടെ പുത്തൻ സ്വാധീന മേഖലകളെ നിഷേധിക്കുന്നത്.

കമ്പോള സംസ്ക്കാരത്തിന്റെ അതിപ്രസരം ജീവിതത്തിന്റെ നാനാതുറകളിലും വേരിറക്കിക്കഴിഞ്ഞു. ലാഭത്തിന്റെ, നേട്ടത്തിന്റെ മാത്രം കണ്ണിൽക്കൂടി അപരനെ കാണാനും, മനുഷ്യരെ വ്യക്തികൾ എന്ന നിലയിൽ കാണാതെ വസ്തുക്കൾ എന്നു മാത്രം കണ്ട് കൈകാര്യം ചെയ്യുന്നതാണ് ഈ കാലഘട്ടത്തിന്റെ പ്രത്യേകത. ഉപയോഗിച്ച ശേഷം വലിച്ചെറിയുക എന്ന സമീപനമാണ് സമൂഹത്തിന്റെ ശാപം. ഇത് കുടുംബങ്ങളിൽ തുടങ്ങി സഭയിലും തെളിവായി വരുന്നു. ദൈവത്തിന്റെ മുഖം വഹിക്കുന്ന മനുഷ്യന്റെ അന്തസ് നിലനിർത്തി അവകാശങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന് സഭയുടെ നിലപാടുകൾ എന്തൊക്കെയാണ് ? പരമ്പരാഗതമായി നടത്തിവരുന്ന ദാനധർമ്മത്തിൽ യഥാർത്ഥ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ല. വല്ലപ്പോഴും ശേഖരിച്ച് നൽകുന്ന പഴഞ്ചൻ തുണിയും, പൊതിച്ചോറും നൽകിയാൽ മാത്രം തീരുന്നതല്ല അനാഥരുടെ-വൃദ്ധരായ മാതാപിതാക്കളുടെ നീറുന്ന പ്രശ്നപരിഹാരം. അപരന്റെ ആഹാരത്തിന്റെ പ്രശ്നം എന്റെ ആത്മീക പ്രശ്നമാണ് എന്ന് സഭാംഗങ്ങൾ തിരിച്ചറിയണം. മനുഷ്യാവകാശങ്ങളെ നിഷേധിക്കുന്നത്, ആത്മാക്കളുടെ ഉടയവനെ നിഷേധിക്കലാണ്. വൈ.എം.സി.എ.യുടെ അഖിലലോക പ്രാർഥനാവാരം ഈ വർഷം ലോകം മുഴുവൻ നവംബർ 12-18 ആചരിച്ചിരുന്നു. ഇതിന്റെ മുഖ്യ ചിന്താവിഷയം "എഴുന്നേൽക്കുക, പ്രഘോഷിക്കുക, നിശബ്ദജനത്തിന്റെ ശബ്ദമാകുക" എന്നതായിരുന്നു. നീതി നിഷേധിക്കപ്പെട്ടവന്റെ, പാർശ്വവൽക്കരിക്കപ്പെട്ടവന്റെ, ശബ്ദമില്ലാത്തവന്റെ ശബ്ദമായി (Voice of the voiceless) സഭ മാറുമ്പോഴാണ് സഭയുടെ ദൗത്യം സമൂഹത്തിൽ പ്രതിഫലിക്കുന്നത്. ഇതിന്റെ ഏറ്റവും മാതൃക യേശുക്രിസ്തുവിന്റെ ഇഹത്തിലെ ശുശ്രൂഷകൾ തന്നെയായിരുന്നു. പലസ്തീനിലെ സാമൂഹിക വ്യവസ്ഥിതിയോട് പോരാ

**(ശേഷം പേജ് 14)**

# സാത്താന് ഇടം കൊടുക്കുന്ന കാര്യങ്ങൾ





**പാസ്റ്റർ കുര്യൻ മാത്യു**
**മണിപ്പുഴ**

നീതിപൂർവ്വമായ കോപം പോലും നിയന്ത്രണവിധേയവും സമയബന്ധിതവുമായിരിക്കണം. ഒരു പകൽ മുഴുവൻ കോപത്തിന്റെ മനോഭാവം വെച്ചുകൊണ്ടിരിക്കരുത്. രാത്രിയിൽ കോപ ഹൃദയവുമായി കിടക്കയിലേക്ക് പോയാൽ അത് പിശാചിന് ഇടം കൊടുക്കുകയായിരിക്കും.

**എ**ഫെസ്യ ലേഖനം 4:27 ൽ പൗലോസ് രേഖപ്പെടുത്തി പിശാചിന് ഇടം കൊടുക്കരുത്. ഒരാൾ രക്ഷിക്കപ്പെടുമ്പോൾ സാത്താന്റെ അധികാരത്തിൽനിന്നും ദൈവത്തിന്റെ അധികാരത്തിലേക്ക് പ്രവേശിക്കുകയാണ്. ദൈവത്തിന്റെ രാജ്യത്തിൽ പ്രവേശിച്ച വ്യക്തി വളരെ ജാഗ്രതയുള്ളവൻ ആയിരിക്കണം. പിശാച് തന്ത്രപരമായി വീണ്ടു. കീഴ്പ്പെടുത്തുവാൻ ശ്രമിച്ചുകൊണ്ടേയിരിക്കും. ഒന്നാമതായി പിശാചിന് ഇടം കൊടുക്കുന്ന കാര്യമാണ് കോപ സ്വഭാവം. കോപത്തിന് രണ്ടു വശമുണ്ട്. നീതിക്കും സത്യത്തിനുംവേണ്ടി പ്രകടിപ്പിക്കുന്ന കോപം ഈ അർത്ഥത്തിലാണ് യേശു കോപിച്ചത്. ആ കോപം യേശുവിനെ പാപത്തിലേക്ക് നയിച്ചില്ല. എന്നാൽ വിശ്വാസി പ്രതികാരചിന്തയാലും, അസൂയയാലും കോപിക്കാൻ പാടില്ല. വികാരം വിവേകത്തെ കീഴ്പ്പെടുത്തുന്നതാണ് മുൻകോപം. സൂര്യൻ അസ്തമിക്കുവോളം കോപം വെച്ചുകൊണ്ടിരിക്കരുത്. പാപത്തിനെതിരായ നീതിയായ കോപം പോലും നിഷ്പ്രയാസം വഴി തെറ്റുകയും സഹോദരന് എതിരായി തിരിയുകയും ചെയ്യാനിടയുണ്ട് എന്ന് കാൽവിൻ പറഞ്ഞിട്ടുണ്ട്. നീതിപൂർവ്വമായ കോപം പോലും നിയന്ത്രണവിധേയവും സമയബന്ധിതവുമായിരിക്കണം. ഒരു പകൽ മുഴുവൻ കോപത്തിന്റെ മനോഭാവം വെച്ചുകൊണ്ടിരിക്കരുത്. രാത്രിയിൽ കോപ ഹൃദയവുമായി കിടക്കയിലേക്ക് പോയാൽ അത് പിശാചിന് ഇടം കൊടുക്കുകയായിരിക്കും. ദൈവത്തിന്റെ ദാസനായ മോശെ സൗമ്യനായിരുന്നു. എന്നാൽ അവന്റെ മനസ്സ് സഹോദരന്റെ വേർപാടിൽ ദുഃഖിച്ചിരിക്കുമ്പോൾ ജനം വെള്ളം തരിക എന്ന് പറഞ്ഞ് അവനെ വിഷമിപ്പിച്ചു. മത്സര ഗൃഹമേ ഞാൻ നിങ്ങൾക്ക് വെള്ളം പുറപ്പെടുവിക്കുമോ എന്നു പറഞ്ഞ് വടികൊണ്ട് പാറയെ രണ്ടു പ്രാവശ്യം അടിച്ചു. വെള്ളം പുറപ്പെട്ടു എങ്കിലും അതു നിമിത്തം മോശെയ്ക്ക് ദോഷം ഭവിച്ചു. അവൻ അധരത്താൽ അവിവേകം സംസാരിച്ചുപോയി (സങ്കീ. 106:31–32). കനാൻ നാട്ടിൽ കാലുകുത്തുവാൻ കഴിഞ്ഞില്ല എന്നു മാത്രമല്ല അവൻ മരിച്ചനന്തരം പിശാച് അവന്റെ ശരീരത്തെക്കുറിച്ച് പ്രധാന ദൂതനുമായി തർക്കത്തിലേർപ്പെടുവാൻ കാരണമായി. അതുപോലെ യാക്കോബിന്റെ പുത്രന്മാരായ ലേവിയും ശിമയോനും കോപസ്വഭാവത്തിന് അടിമകളായി ശേഖേം പൗരന്മാരോട് പ്രതികാരം ചെയ്തത് നിമിത്തം ആരോടും യോജിക്കാൻ കഴിയാത്ത ചിതറിപ്പിന്റെ ശാപം പേറി (ഉല്പത്തി 49:5–7). നമ്മുടെ സ്വയനിയന്ത്രണം നഷ്ടപ്പെടുത്തിക്കളയുന്ന ഇത്തരം സ്വഭാവത്തിന്റെ മേൽ ജയം പ്രാപിക്കുന്നില്ലെങ്കിൽ സാത്താന് ഇടം കൊടുക്കുകയായിരിക്കും ഫലം. കോപത്തിനു ഹൃദയവാതിൽ തുറന്നു കൊടുത്താൽ പിശാച് അവിടെ തന്റെ മുഴു സ്വാതന്ത്ര്യവും ആധിപത്യവും സ്ഥാപിക്കും.

രണ്ടാമതായി പിശാചിന് ഇടം കൊടുക്കുന്ന കാര്യമാണ് ക്ഷമിക്കാത്ത മനോഭാവം (2 കൊരി. 2:10–11). നിങ്ങൾ വല്ലതും ക്ഷമിക്കുന്നവനോട് ഞാനും ക്ഷമിക്കുന്നു. എന്നാൽ ഞാൻ വല്ലതും ക്ഷമിച്ചിരിക്കുന്നു എങ്കിൽ നിങ്ങൾ നിമിത്തം ക്രിസ്തുവിന്റെ സന്നിധാനത്തിൽ ക്ഷമിച്ചിരിക്കുന്നു എന്നാണ് പൗലോസ് പറയുന്നത്. നമ്മോട് മറ്റുള്ളവർ ചെയ്ത മനസ്സിലെ മുറിവുകൾ യഥാസമയം നാം ക്ഷമിക്കുന്നില്ലെങ്കിൽ നാം സ്വയം സൃഷ്ടിച്ച തടവറയിലാണ്. പതിനായിരം താലന്ത് കടംപെട്ടവനോട് യജമാനൻ ക്ഷമിച്ചു. അവന് ഒരിക്കലും അത് കൊടുത്തുവീട്ടുവാൻ കഴിയുമായിരുന്നില്ല. അവൻ കരഞ്ഞ് അപേക്ഷിച്ചത് നിമിത്തം വലിയ ഇളവ് കിട്ടി. അവൻ പോകയിൽ കേവലം നൂറ് വെളിക്കാശ് കടംപെട്ട കൂട്ടുദാസനെ കണ്ട് തൊണ്ടയ്ക്ക് പിടിച്ച് ഞെക്കി നിന്റെ കടം തീർക്കുക എന്നു പറഞ്ഞു. അവന്റെ യജമാനൻ അവന് ഇളച്ചുകൊടുത്തത് ഏകദേശം മൂന്നര കോടി രൂപയാണെങ്കിൽ അവന് കൂട്ടുദാസൻ നല്കുവാനുള്ളത് കേവലം എഴുപത് രൂപാ മാത്രമാണ്. എന്നോട് ക്ഷമ തോന്നേണമേ ഞാൻ

തന്നു തീർക്കാം എന്ന് അവൻ പറഞ്ഞിട്ടും അവൻ മനസ്സില്ലാതെ ഉടനെ ചെന്നു കടം വീട്ടുവോളം അവനെ തടവിൽ ആക്കിച്ചു. ഈ സംഭവിച്ചത് യജമാനൻ അറിഞ്ഞപ്പോൾ എനിക്ക് നിന്നോട് കരുണ തോന്നിയതുപോലെ നിനക്കും കൂട്ടുദാസനോട് കരുണ തോന്നേണ്ടതല്ലയോ എന്നാണ് ചോദിക്കുന്നത്. ആ യജമാനൻ കോപിച്ചിട്ട് അവന് താൻ ഇളച്ചുകൊടുത്തത് ക്യാൻസൽ ചെയ്ത് അവനെ ദണ്ഡിപ്പിക്കുന്നവരുടെ കൈയിൽ ഏൽപ്പിച്ചു. ഈ ഉപമയിലൂടെ കർത്താവ് പറയുന്നത് നമുക്ക് ഒരിക്കലും കൊടുത്തുതീർക്കുവാൻ കഴിയാതിരുന്നത് കർത്താവ് ക്ഷമിച്ച് ഇളച്ചുതന്നുവെങ്കിൽ നമ്മോട് മറ്റുള്ളവർ ചെയ്തത് എത്രയോ നിസ്സാരമാണ്. അത് നാം ക്ഷമിക്കുന്നില്ലെങ്കിൽ നമ്മോട് ക്ഷമിച്ചത് കർത്താവ് ക്യാൻസൽ ചെയ്ത് നമ്മെ ദണ്ഡിപ്പിക്കുന്നവരുടെ കൈയിൽ ഏൽപ്പിക്കും എന്നാണ്. വിശ്വാസികളിൽ ഉണ്ടാകുന്ന ചില പ്രതിസന്ധികളുടെ കാരണം ക്ഷമിക്കാത്ത മനോഭാവമാണ്. ഒരു മുന്നേറ്റം ആഗ്രഹിച്ചിട്ട് നിങ്ങൾക്ക് ലഭിക്കുന്നില്ലെങ്കിൽ ആരോടെങ്കിലും ക്ഷമിക്കാത്തത് നിമിത്തം നിങ്ങൾ തടവറയിലാണോ എന്ന് സ്വയശോധന ചെയ്യുക. ഈ വായന നിർത്തി ഇപ്പോൾ തന്നെ സഹോദരനോട് ക്ഷമിക്കുക. നിങ്ങൾ സ്വാതന്ത്ര്യം പ്രാപിക്കുക. യോസേഫ് സഹോദരന്മാരിൽ നിന്നും അനുഭവിച്ച സകല തിക്താനുഭവങ്ങളും മറന്നപ്പോഴാണ് ഒരു പുതിയ തുടക്കം ദൈവം അവന് നൽകിയത്. എന്നോട് ഒരിക്കൽ ഒരു സഹോദരി പറഞ്ഞു നരകത്തിൽ പോകേണ്ടിവന്നാലും ഞാൻ അവരോട് ക്ഷമിക്കത്തില്ല എന്ന്. പലരും തിളച്ചുമറിയുന്ന ഹൃദയവുമായിട്ടാണ് സഞ്ചരിക്കുന്നത്. അത് സാത്താന് ഇടം കൊടുക്കുന്ന വിഷയമാണ്.

മൂന്നാമതായി സാത്താന് ഇടം കൊടുക്കുന്ന കാര്യമാണ് പരസ്പര സമ്മതമില്ലാതെ ഭാര്യയും ഭർത്താവും വേർപിരിഞ്ഞിരിക്കുന്നത് (1 കൊരി. 7:5). വിവാഹത്തിലൂടെ സ്ത്രീയും പുരുഷനും ഒന്നാകുകയാണ്. അവർ മേലാൽ രണ്ടല്ല ഒരു ദേഹമത്രെ എന്ന് ദൈവം പറയുന്നു. കുടുംബജീവിതത്തിൽ പരസ്പരം അധികാരഅവകാശങ്ങൾ കൈമാറുകയാണ് ചെയ്യുന്നത്. പ്രത്യേകിച്ച് ഒരാളുടെ ശാരീരിക അവകാശം നിഷേധിക്കുവാൻ മറ്റൊരാൾക്ക് അവകാശമില്ല. ഭർത്താവ് ഭാര്യയോടുകൂടെ വിവേകത്തോടെ വസിക്കണം അല്ലെങ്കിൽ പ്രാർഥനയ്ക്ക് മുടക്കം വരും എന്നാണ് വചനം പറയുന്നത്. ചിലർ അമിത ഭക്തി പ്രകടനം കൊണ്ടോ, അജ്ഞതകൊണ്ടോ ഇത്തരം കടപ്പാടുകളിൽനിന്നും ഒഴിഞ്ഞിരിക്കുകയും അവിടെ സാത്താൻ പ്രവേശിക്കുകയും ചെയ്യുന്നു. ഒരുമിച്ച് പ്രാർഥിക്കുകയും ഒരു കിടക്കയിൽ വിശ്രമിക്കുകയും ചെയ്യുവാൻ ദമ്പതികൾക്ക് കഴിയണം.



വിവാഹിതരുടെ കിടക്ക നിർമ്മലമാണ്. പങ്കാളിയല്ലാത്തവർ തമ്മിൽ കിടക്ക പങ്കിടുന്നത് പാപമാണ്. ഭാര്യയും ഭർത്താവും മാത്രം അറിയേണ്ട കാര്യങ്ങൾ മൂന്നാമത് ഒരാളോട് പങ്കിടുവാൻ പാടില്ല. ആദാം ഹവ്വാ ദമ്പതിമാരോട് ദൈവം പറഞ്ഞ കാര്യങ്ങൾ സാത്താനോട് സംസാരിച്ചതാണ് സർവ്വ കുഴപ്പത്തിനും കാരണം. തോട്ടത്തിൽ പാമ്പു കയറാനുള്ള കാരണം തോട്ടം അവർ കാത്തില്ല. പരസ്പര സമ്മതത്തോടെ വേർപിരിഞ്ഞിരിക്കാവൂ എന്ന കാര്യം മറന്നു. കൗശലം തിരിച്ചറിയുവാൻ കഴിഞ്ഞില്ല. ഇന്ന് ഏതൊരു വ്യക്തിയുടെയും രഹസ്യജീവിതത്തിലേക്ക് കയറിച്ചെല്ലുവാൻ ആധുനിക മാധ്യമങ്ങൾ വിശാലവഴി തുറന്നിരിക്കുകയാണ്. എന്നാൽ രഹസ്യനീക്കങ്ങളിലൂടെ യോഗ്യമല്ലാത്ത സംഭാഷണങ്ങളിൽ ഏർപ്പെടുമ്പോൾ കുടുംബത്തിൽ സാത്താൻ കയറുവാൻ വാതിൽ തുറന്നുകൊടുക്കുകയാണ്. പ്രിയരെ ആരും അറിയാത്ത ജീവിതത്തിന്റെ രഹസ്യ മേഖലയുടെ വാതിൽ ദൈവസന്നിധിയിലേ തുറക്കാവൂ. തുറന്നിട്ടിരിക്കുന്ന പിൻവാതിലുകൾ അടയ്ക്കുക. ഇല്ലെങ്കിൽ മോഷ്ടിക്കുവാനും അറുക്കുവാനും വരുന്ന കള്ളൻ അകത്ത് പ്രവേശിക്കുവാൻ സാധ്യതയുണ്ട്.

നാലാമതായി സാത്താന് ഇടം കൊടുക്കുന്ന കാര്യമാണ് ഭാരമുള്ള ഹൃദയം (1 പത്രൊസ് 5:7-8) നിന്റെ ഭാരം യഹോവയുടെ മേൽ വെച്ചുകൊൾക അവൻ നിന്നെ പുലർത്തും നീതിമാൻ കുലുങ്ങിപ്പോകുവാൻ അവൻ ഒരുനാളും സമ്മതിക്കുകയില്ല. ചിലർ ഭാരം തനിയെ ചുമക്കുകയാണ്. വലിയ ചുമട് ചുമന്ന വയോധികയുടെ ക്ലേശം കണ്ട കാളവണ്ടിക്കാരൻ മനസ്സലിഞ്ഞ് തന്റെ കാളവണ്ടിയിൽ കയറ്റിയ വയോധികയെ ബഹുദൂരം കഴിഞ്ഞ് തിരിഞ്ഞുനോക്കിയപ്പോൾ കണ്ട കാഴ്ച കാളവണ്ടിയിൽ ചുമടും ചുമന്ന് നില്ക്കുന്ന കാഴ്ചയാണ്. ഇതുപോലെയാണ് പലരും കർത്താവിന്റെ മേൽ ഭാരം ഇറക്കിവെയ്ക്കുകയില്ല. നമ്മുടെ ഏത് വലിയ ഭാരവും കർത്താവ് ചുമക്കും.

കർത്താവ് അറിയാതെ അവൻ അനുവദിക്കാതെ നമ്മുടെ ജീവിതത്തിൽ ഒന്നും സംഭവിക്കില്ല. നാം മുങ്ങിത്താഴുവാനല്ല കർത്താവ് നമ്മെ വിളിച്ചിറക്കിയത് അക്കരെ എത്തിക്കാം എന്ന് പറഞ്ഞാണ്. തിരമാലകൾക്ക് മുകളിൽ കാൽവെച്ചവൻ നമ്മോടുകൂടെയുണ്ട്. തിരമാലയല്ല വലുത്. അതിന്മേൽ കാൽവെച്ച കർത്താവാണ് വലിയവൻ. നിങ്ങൾ ഇന്ന് അഭിമുഖീകരിക്കുന്ന വിഷയം നിങ്ങളുടെ നിയന്ത്രണത്തിന് അപ്പുറമായിരിക്കാം അത് രോഗമോ, ജീവിത പ്രശ്നങ്ങളോ, സാമ്പത്തിക തകർച്ചയോ, മക്കളുടെ തെറ്റായ തീരുമാനമോ എന്തു ആയിക്കൊള്ളട്ടെ ഭാരം കർത്താവിന്റെ മേൽ ഇടുക. നിങ്ങൾക്ക് രക്ഷയില്ല എന്ന് പലരും പറഞ്ഞാലും കർത്താവ് പറയുന്നു ഞാൻ രക്ഷിക്കുന്ന വീരനായി നിന്റെ മദ്ധ്യേ ഉണ്ട്. നീ അനർത്ഥം കാണുകയില്ല. നീ ഭയപ്പെടുന്നത് ഭവിക്കാതവണ്ണം നിയന്ത്രണം കർത്താവിന്റെ കരങ്ങളിലാണ്. അതുകൊണ്ട് ഭാരം കർത്താവിൽ ഇറക്കിവെയ്ക്കാം. സാത്താന് ഇടം കൊടുക്കാതിരിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.



# സാന്ത്വനം തേടുന്ന സായാഹ്നം



**ജെസി കോശി ഉമ്മൻ**

"**പെ**റ്റമ്മ തൊഴുത്തിൽ – മനമലിയാതെ മക്കൾ": മലയാള മനോരമ ദിനപ്പത്രത്തിന്റെ മുഖ്യ പേജിൽ ചില നാളുകൾക്കു മുമ്പു വന്ന ഈ വാർത്ത ഏതൊരു മനുഷ്യന്റെയും കരളലിയിക്കുന്നതായിരുന്നു. 90 കഴിഞ്ഞ അവശയായ പെറ്റമ്മയെ വീട്ടിനുള്ളിൽ കിടത്താതെ മകളും കുടുംബവും ആട്ടിൻതൊഴുത്തിലാക്കി. സമീപത്തു താമസിക്കുന്ന മകനും കുടുംബവുമാകട്ടെ അനാഥയായ അമ്മയുടെ ദുരവസ്ഥ കണ്ടില്ലെന്നു നടിച്ചു.

സമീപകാലത്ത് ഏറെ മാധ്യമശ്രദ്ധ പിടിച്ചുപറ്റിയ മറ്റൊരു സംഭവം കൂടി: ഇൻഡ്യയിലെ ഒരു വൻനഗരത്തിലെ ആഡംബര സമുച്ചയത്തിലെ ഫ്ളാറ്റിൽ ഏകാകിയായി വസിക്കുന്ന അമ്മയെ കാണുവാൻ ദീർഘവർഷങ്ങൾക്കുശേഷം അമേരിക്കയിൽനിന്നു പറന്നെത്തിയ മകന് അമ്മയുടെ പഴക്കം ചെന്ന അസ്ഥിപഞ്ജരത്തിനു മുൻപിൽ മൂകസാക്ഷിയായി നില്ക്കേണ്ടിവന്ന അതിദാരുണ സംഭവം.

വിവിധ മാധ്യമങ്ങളിലൂടെയും ചുറ്റുപാടുകളിലൂടെയും നമ്മുടെ ശ്രദ്ധയിലേക്കു വരുന്ന ഇത്തരം ഓരോ സംഭവങ്ങളും അടിവരയിടുന്ന യാഥാർത്ഥ്യമാണ് വയോജനങ്ങളോടുള്ള അവഗണന എന്നത്. പട്ടിണിയുടേയും പരിഭവങ്ങളുടെയും നടുവിൽ ത്യാഗോജ്ജ്വലമായ ജീവിതത്തിലൂടെ മക്കളെ വളർത്തി വലുതാക്കി – അവരെ ഒരു കരയ്ക്കടുപ്പിക്കുവാൻ ജീവിതം മുഴുവൻ ഹോമിച്ച് – ജീവിത സായാഹ്നത്തിൽ മക്കളുടെ തണലിൽ ആശ്വസിക്കാം– എന്നു മോഹിക്കുന്ന മാതാപിതാക്കളെ മക്കൾ തന്നെ അവഗണിക്കുന്നത് – അവർക്കെങ്ങനെ താങ്ങാനാവും. 'ഹെൽപ്പേജ് ഇന്ത്യ' പഠനറിപ്പോർട്ടിൽ പറയുന്നത് ഇന്ത്യയിലെ വൃദ്ധജനങ്ങളിൽ 51% പേരും അവഗണനയുടെ നൊമ്പരം പേറുന്നവരാണെന്നാണ്.

**വയോജനങ്ങളും വെല്ലുവിളികളും**

കൂട്ടുകുടുംബവ്യവസ്ഥ (Joint family) യുടെ തകർച്ചയും അണുകുടുംബങ്ങളുടെ (nuclear family) ആവിർഭാവവും കുടുംബത്തിലെ വൃദ്ധജനങ്ങളോടുള്ള ആദരവും കരുതലും സുരക്ഷിതത്വവും കൈമോശം വരുവാൻ കാരണമായി. 'ന്യൂക്ലിയർ' കുടുംബങ്ങളുടെ തിരക്കുകളിൽ പലപ്പോഴും അധികപറ്റാകുന്നത് വൃദ്ധമാതാപിതാക്കളാണ്. ജീവിതപങ്കാളികൂടെ നഷ്ടപ്പെട്ടവരാകട്ടെ കടുത്ത ഏകാന്തതയുടെ ബലിയാടായി മാറുന്നു. വിദേശങ്ങളിൽ സകുടുംബം കഴിയുന്നവരുടെ, നാട്ടിൽ ഒറ്റപ്പെട്ട വൃദ്ധമാതാപിതാക്കളുടെ അവസ്ഥ ഇതിലും പരിതാപകരമാണ്. രോഗങ്ങളും അനാരോഗ്യവും സാമ്പത്തിക ബുദ്ധിമുട്ടുകളും കൂടിയാകുമ്പോൾ ഇവരുടെ സ്ഥിതി ഏറെ ദയനീയമാകുന്നു. ജീവിത സായാഹ്നത്തിൽ മക്കളും കൊച്ചുമക്കളുമൊക്കെയായി സന്തോഷത്തോടും സമാധാനത്തോടും കഴിയേണ്ടവരെ – ഏകാന്തവാസം കടുത്ത വിഷാദരോഗികളാകുന്നു.

ഔദ്യോഗിക മേഖലയിലെ സജീവ സേവനത്തിൽനിന്ന് വിരമിക്കുന്നതോടെ മിക്കവരും ജീവിതത്തിന്റെ മുഖ്യധാരയിൽനിന്ന് അകലുന്നതിന് നിർബന്ധിതരാകുന്നു. ഔദ്യോഗിക മണ്ഡലത്തിലെ പദവികളും മാന്യതയും നഷ്ടപ്പെടുന്നതോടുകൂടി പലർക്കും ജീവിതം 'അറുബോറായി' അനുഭവപ്പെടുന്നു. ഭക്ഷണം, പാർപ്പിടം എന്നീ അടിസ്ഥാന ആവശ്യങ്ങളെപ്പോലെ തന്നെ പ്രധാനമാണ് വാർദ്ധക്യത്തിൽ 'അംഗീകാരവും സുരക്ഷിതത്വബോധവും'. ശരീരത്തിന്റെ ദൗർബല്യത്തെ മനസുകൊണ്ടു നേരിടാൻ കഴിയാതെവരുമ്പോഴാണ് വാർദ്ധക്യത്തിന്റെ അവശതകൾ മൂർച്ഛിക്കുന്നത്. മുതിർന്ന പൗരന്മാർക്കിടയിലെ ആത്മഹത്യാനിരക്ക് പെരുകുന്നതിന്റെ കാരണവും അവരിൽ ഉളവാകുന്ന ആത്മവിശ്വാസ തകർച്ചയാണ്.

വൃദ്ധജനങ്ങളിൽ 57% പേരും സാമ്പത്തികമായി മറ്റുള്ളവരെ ആശ്രയിക്കുന്നവരാണ്. കുടുംബപ്രശ്നങ്ങളുടെ ബലിയാടുകളായി പലപ്പോഴും ഇവർ മാറുന്നത് സമൂഹത്തിന്റെ നേർക്കാഴ്ചയാണല്ലോ. 35% പേരും സ്വത്തു തർക്കത്തെ തുടർന്നുള്ള പ്രശ്നങ്ങൾ നേരിടുന്നവരാണ്. പക്ഷേ 92% വൃദ്ധമാതാപിതാക്കളും ഇത്തരം

പ്രശ്നങ്ങളാലുള്ള പീഡനം നിശബ്ദമായി സഹിക്കേണ്ടിവരുന്നവരാണ്. സ്വത്തുക്കൾ കൈമാറിയെങ്കിലും മാതാപിതാക്കളെ മക്കൾ അനുഭാവപൂർവ്വം സംരക്ഷിക്കണമെന്നു വ്യവസ്ഥ ചെയ്യുന്ന പുതിയനിയമത്തെപ്പറ്റിയുള്ള അറിവും വയോജനങ്ങൾക്ക് തുലോം കുറവാണ്. ഇന്നലെവരെ കൈപിടിയിലൊതുക്കിയിരുന്നതെല്ലാം കൈവിട്ടുപോയോ എന്ന ചിന്തയും ഇവരിൽ ആശങ്ക ഉളവാക്കാനിടയുണ്ട്. അവരെ അവഗണിക്കുക കൂടി ചെയ്യുമ്പോൾ അത് ഇരട്ടിക്കുന്നു. പിടിവാശി, എന്തും എതിർക്കുന്ന സ്വഭാവം, പുതിയവയെ ഉൾക്കൊള്ളാനുള്ള നിസംഗത, ഒന്നിലും തൃപ്തിയില്ലാത്ത രീതിയിലുള്ള അഭിപ്രായപ്രകടനങ്ങൾ തുടങ്ങിയവ ഇവരിൽ കൂടുതലായി കാണുന്നു എന്നാണ് സൈക്യാട്രിസ്റ്റുകളുടെ അഭിപ്രായം.

**ബഹുമാനിക്കുക – അംഗീകരിക്കുക**

വയോജനങ്ങൾ സമൂഹത്തിന്റെയും സഭയുടെയും സമ്പത്താകുന്നു. അവരുടെ ജീവിതാനുഭവങ്ങളും അറിവും പരിചയവും വിവേകവും സമ്പത്തുകളുടെ അക്ഷയഖനി തന്നെയാണ്. അവയെ തിരിച്ചറിയുവാനും ആദരിക്കുവാനും ഉൾക്കൊള്ളുവാനും ഇളംതലമുറകൾക്കാകണം. മുതിർന്നവരും സ്ത്രീകളും കുട്ടികളും ആദരിക്കപ്പെടുന്ന സമൂഹമാണല്ലോ ആരോഗ്യമുള്ള സമൂഹം.

'ഷഷ്ടിപൂർത്തി', 'നവതി' ആഘോഷങ്ങളാക്കി മുതിർന്നവരെ പൊന്നാടയണിയിച്ച് ആദരിക്കുന്ന സംസ്കാരം ഇന്നിന്റെ മുഖമുദ്രയായി മാറിക്കഴിഞ്ഞു. അതോടെ വയോജനങ്ങളോടുള്ള സമൂഹത്തിന്റെ കടപ്പാടുകൾ തീർന്നു എന്നുള്ള മിഥ്യാ ധാരണ പരക്കെ വളർന്നിട്ടുണ്ട്. വയോജനങ്ങളെ പൊന്നാട അണിയിച്ച് ആദരിക്കുന്നത് നല്ലതുതന്നെ. എന്നാൽ അവർക്ക് നമ്മുടെ ഹൃദയത്തിലും ജീവിതത്തിലും ഭവനത്തിലും ഇടംകൊടുക്കുന്ന സ്നേഹത്തിന്റെയും കരുതലിന്റെയും ആദരവിന്റെയും ഹൃദയം നിറഞ്ഞുള്ള സംസ്ക്കാര ശൈലിയല്ലേ പൊന്നില്ലാത്ത പൊന്നാടയേക്കാളും അഭികാമ്യം. മക്കളുടെയും കൊച്ചുമക്കളുടെയും സാന്നിധ്യവും സ്പർശനവും സ്നേഹപൂർവ്വമുള്ള ആശയവിനിയമവുമൊക്കെയല്ലേ പൊന്നാടയേക്കാൾ അവർ വിലമതിക്കുന്നത്. ടെലിഫോണിലെ ബന്ധങ്ങൾക്ക് സ്പർശന ശക്തിയില്ല – സ്നേഹത്തിന്റെ തലോടലുകളില്ല. അവരുടെ അരികിലിരുന്ന് കരങ്ങൾ പിടിച്ച് സംസാരിക്കുമ്പോഴും – ചുക്കിച്ചുളിഞ്ഞ, ഒട്ടിയ കവിൾത്തടങ്ങളിൽ സ്നേഹത്തിന്റെ ഒരു ചുംബനം നൽകുമ്പോഴും അവർക്കുണ്ടാകുന്ന ആത്മസായൂജ്യം ഏതു പൊന്നാടയ്ക്ക് നൽകാൻ കഴിയും?

സ്നേഹത്തിന്റെ കടം സ്നേഹത്താൽ മാത്രമേ വീട്ടാൻ സാധിക്കുകയുള്ളൂ. കുഞ്ഞുങ്ങൾക്ക് ബാല്യകാലത്ത് ലഭിക്കുന്ന സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും സംരക്ഷണത്തിന്റെയും കടംവീട്ടൽകൂടിയാണ് വൃദ്ധമാതാപിതാക്കളോടുള്ള സ്നേഹമസൃണമായ കരുതൽ.

**ക്രൂശിലെ കരുതൽ**

കുരിശിൽ വേദനയുടെ തീവ്രതയിൽ പിടയുന്ന യേശു ആ കഠിന വേദനയിലും തന്റെ അമ്മയോടുള്ള ഉത്തരവാദിത്തം വിസ്മരിക്കുന്നില്ല. കുരിശിന്റെ ചുവട്ടിൽ നിൽക്കുന്ന തന്റെ അരുമ ശിഷ്യനായ യോഹന്നാന്റെ സംരക്ഷണത്തിന്റെ തണലിലേക്ക് അമ്മയെ താൻ ഏല്പിച്ചു. അന്നു മുതൽ മറിയയ്ക്ക് യോഹന്നാൻ മകനായി, സ്നേഹത്തിന്റെ കരുതൽ നൽകി ക്രൂശിലെ വേദനയുടെ തീവ്രതയിലും അമ്മയെക്കുറിച്ചുള്ള കരുതൽ വെളിപ്പെടുത്തിയ യേശു നമ്മുടെ മാതൃകയാണ്.

**വയോജനങ്ങൾ അറിയുവാൻ**

"ഓ.... ഇനി എന്തു ചെയ്യാനാ... ഒന്നിനും ഉത്സാഹമില്ല. പ്രായമായി, മനസ്സിനൊപ്പം കൈയും കാലും ആടുന്നില്ല." എന്നൊക്കെ പരാതിപ്പെട്ട് അലസരായി പുറത്തിറങ്ങാതെ കഴിഞ്ഞുകൂടുന്ന വയോജനങ്ങളുണ്ട്. അലസത വാർദ്ധക്യത്തിന്റെ ആലസ്യത്തിലേക്കും നിശ്ചലതയിലേക്കും അതിവേഗം ഒരാളെ എത്തിക്കുന്നു. അധ്വാനവും വ്യായാമവും പ്രശാന്തമായ മനസ്സും വാർദ്ധക്യത്തെ മന്ദഗതിയിലാക്കും. നിഷേധ മനോഭാവത്തോടെ വാർദ്ധക്യത്തെ അഭിമുഖീകരിച്ചാൽ നിരാശയുടെ നീരാളിപ്പിടുത്തത്തിൽ അകപ്പെടും. ചലനാത്മകമായ കാര്യങ്ങളിൽ സജീവമാകുവാനും അലസത വെടിയുവാനും ബന്ധങ്ങളെ സദാ ഊഷ്മളമാക്കുവാനും വയോജനങ്ങൾക്കു കഴിയണം. ശുഭചിന്തകൾ വാർദ്ധക്യത്തിൽ കാലിടറാതെ മുന്നേറുവാൻ പ്രേരക ശക്തിയാകും.

വാർദ്ധക്യത്തിന്റെ നിരാശകളേയും പരിമിതികളേയും ദൈവകൃപയുടെ ധന്യതയാൽ അതിജീവിച്ച വയോവൃദ്ധരായ ശിമ്യോനും ഹന്നയും തിരുവചനം നമുക്കു മാതൃകയാക്കുവാൻ നൽകിയ അനുഗ്രഹീത വ്യക്തിത്വങ്ങളാണ്. ദൈവകൃപയുടെ ധന്യത വരുംതലമുറകളിലേക്കു പകരുവാൻ അവർക്കായതുപോലെ മനസ്സൊരുക്കമുള്ള ഏവർക്കും സാദ്ധ്യമാണ് എന്നത് നിസ്തർക്കമാണ്. കരുതലും ശുശ്രൂഷയും ആഗ്രഹിക്കുന്നതോടൊപ്പം മറ്റുള്ളവർക്കും അതു പകർന്നു നൽകുവാനും ദൈവീക നടത്തിപ്പുകളുടെ സന്ദേശം പങ്കുവെക്കുവാനും മുതിർന്നവർക്കാകണം. പുതിയ തലമുറയുമായി പൊരുത്തക്കേടുകൾ സ്വാഭാവികമാണെങ്കിലും, ജീവിത ശൈലിയിൽ വന്ന മാറ്റങ്ങൾ സമചിത്തതയോടെ അറിഞ്ഞ് അംഗീകരിക്കുവാൻ തയ്യാറാകുക. ജീവിതം ഒരു വെല്ലുവിളിയാണ്. അതു ദൈവാശ്രയത്തോടെ നേരിടുക. ജീവിതം അളവറ്റ അനുഗ്രഹത്തിന്റെ കലവറയാണ്. അതു തികച്ചും ആസ്വദിക്കുക.

**പകരാം നമുക്കാത്മവിശ്വാസം**

സൂര്യൻ അസ്തമിക്കുമ്പോൾ ചന്ദ്രൻ ഉദിക്കുകയും നക്ഷത്രങ്ങൾ പ്രകാശിക്കുവാൻ തുടങ്ങുകയും ചെയ്യുന്നതുപോലെ യൗവ്വനമാകുന്ന പ്രതാപസൂര്യൻ അസ്തമിച്ചാലും വാർദ്ധക്യചന്ദ്രനും നക്ഷത്രങ്ങളും പ്രകാശിച്ച് അനേകർക്ക് വെളിച്ചം പകരുവാൻ ഇടയാകും എന്ന ആത്മവിശ്വാസം വയോജനങ്ങളിലേക്കു പകരുവാൻ പുതുതലമുറയ്ക്കിടയാകട്ടെ. അസ്തമനസൂര്യൻ വിടകൊള്ളുമ്പോൾ കൊച്ചു മൺവിളക്കിന്റെ പ്രകാശം ഇരുളിന് ഒരു പരിഹാരം ആകുന്നതുപോലെ വാർദ്ധക്യത്തിലും നിറവേറ്റേണ്ടതായ ശുശ്രൂഷ ശേഷിച്ചിരിപ്പുണ്ട് എന്ന തിരിച്ചറിവ് മുന്നോട്ടുള്ള പ്രയാണത്തിന് അവരെ പ്രാപ്തരാക്കും. 'Being acc-epted Being loved Being wanted' "ഞാൻ അംഗീകരിക്കപ്പെടുന്നു – ഞാൻ സ്നേഹിക്കപ്പെടുന്നു – എന്നെ മറ്റുള്ളവർക്ക് ആവശ്യമാണ്" എന്നുള്ള ശുഭചിന്തകൾ വയോജനങ്ങളിൽ രൂപപ്പെടുവാൻ തക്കവണ്ണമുള്ള സ്നേഹവും കരുതലും സംരക്ഷണവും ആവോളം നൽകിക്കൊടുത്ത് നമ്മുടെ മാതാപിതാക്കൾക്ക് സാന്ത്വനമായ സായാഹ്നമൊരുക്കുവാൻ നമുക്കിടയാകട്ടെ!

ജീവിതസന്ധ്യയിലെത്തിയവർക്കു സ്നേഹത്തിന്റെ ഊഷ്മളതയും സുരക്ഷയും നൽകുന്നതോളം വലിയ കടംവീട്ടലില്ലെന്നു നാം മറന്നുകൂടാ.

# ശാരോൻ ഫെലോഷിപ്പ് ചർച്ച്
# കോട്ടയം സെന്റർ മുന്നേറ്റത്തിന്റെ പാതയിൽ





*സുനിൽ ഇടത്തറ,*
*പുളിക്കൽകവല*

ദൈവകൃപയാൽ ശാരോൻ ഫെലോഷിപ്പ് ചർച്ച് കോട്ടയം സെന്ററിന്റെ പ്രവർത്തനങ്ങൾ പൂർവ്വാധികം ഭംഗിയായി വളർന്നുകൊണ്ടിരിക്കുന്നു. പുതിയ വേലസ്ഥലങ്ങൾ, പ്രവർത്തനങ്ങൾ, കൂടിവരവുകൾ അനുദിനം വർധിച്ചുവരുന്നു. പല സ്ഥലങ്ങളിലും പുതിയ സഭകൾ ഉടലെടുക്കുന്നു. 2015-ൽ ശാരോൻ ഫെലോഷിപ്പ് സഭാ കൗൺസിൽ നിയമനമനുസരിച്ച് പാ. ബോസ് എം. കുരുവിള സെന്ററിന്റെ ചുമതല ഏറ്റെടുക്കുകയും, മുൻകാലങ്ങളിൽ പ്രവർത്തിച്ചുവന്ന സെന്ററിലെ രണ്ട് സെക്ഷന്റെയും (കോട്ടയം, വാഴൂർ) പ്രവർത്തന മേഖലകൾ വിപുലപ്പെടുത്തി ചുമതലക്കാരെ നിയമിക്കുകയും ചെയ്തു. സെക്ഷൻ പാസ്റ്റർമാരായി പാ. സജി സൈമനേയും, പാ. എം. റ്റി. മാത്യുവിനേയും, സെക്രട്ടറിമാരായി പാ. ബിനിൽ, പാ. കെ. എ. തോമസിനേയും, ട്രഷറാർമാരായി പാ. റ്റോം ജോൺസണേയും, ബ്രദർ കെ.റ്റി. മത്തായികുട്ടിയെയും തിരഞ്ഞെടുത്തു. ഇരുസെക്ഷനിലും എല്ലാ മാസവും മാസയോഗങ്ങൾ, പാസ്റ്റേഴ്സ് മീറ്റിംഗുകൾ, സുവിശേഷ പ്രവർത്തനങ്ങൾ തുടങ്ങിയവ മുടക്കം കൂടാതെ നടന്നുവരുന്നു. സെന്റർ പാസ്റ്ററുടെ സജീവ സാന്നിദ്ധ്യം എല്ലാ മീറ്റിംഗുകളിലും പ്രവർത്തനങ്ങളിലും ഇതര ശുശ്രൂഷകളിലും വളരെ ഉത്തേജനവും, പ്രോത്സാഹനവും നൽകുന്നു.

നിലവിൽ സെന്ററിന്റെ ചുമതലക്കാർ സെന്റർ ശുശ്രൂകൻ പാ. ബോസ്. എം. കുരുവിള, സെന്റർ സെക്രട്ടറി പാ. റ്റി. സി. മാത്യു, സെന്റർ ട്രഷറാർ ബ്രദർ സുനിൽ ഇടത്തറ, ഇരുസെക്ഷന്റെയും ചുമതലക്കാർ ചേർന്ന് സെന്റർ ഭാരവാഹികളായി സേവനം ചെയ്യുന്നു.

**പുതിയ പ്രവർത്തനങ്ങൾ**

സെന്ററിൽ മുൻപ് ഉണ്ടായിരുന്ന 17 സഭകൾക്ക് പുറമേ പുതിയതായി 7 സഭാ കൂടിവരവുകൾ കഴിഞ്ഞ രണ്ടര വർഷത്തിനുള്ളിൽ ഉടലെടുത്തു. അവ കോട്ടയം ടൗൺ ചർച്ച് (കെ.എസ്.ആർ.ടി.സി സ്റ്റാന്റിന് സമീപം), ഞാലിയാകുഴി, മണിമലടൗൺ, പൊന്തങ്ങൾ, കുമരകം സൗത്ത്, കാഞ്ഞിരപ്പള്ളി, ഈരാട്ടുപേട്ട എന്നിവയാണ്.

മണിമല ടൗണിൽ ഈ വർഷം രണ്ട് കൺവൻഷനുകളും ഒരു മെഡിക്കൽ ക്യാമ്പും നടന്നു. അത് മണിമലയിലെ പ്രവർത്തനത്തിന് പ്രചോദനം ആയി.

ഈ കൂടിവരവുകൾ ആരംഭിച്ച സ്ഥലങ്ങളിലെങ്ങും സ്വന്തമായി സ്ഥലങ്ങളോ കെട്ടിടമോ ഇല്ല. ഓരോ മാസവും ഭാരിച്ച തുക വാടക നൽകുന്നു. സെന്റർ പാസ്റ്ററുടെ നേതൃത്വത്തിൽ ഇരുസെക്ഷനിലെയും ശുശ്രൂഷകന്മാരും സഭാജനങ്ങളും പുതിയ പ്രവർത്തനങ്ങളെ സഹായിച്ചുവരുന്നു. കൂടാതെ, കോട്ടയം ജില്ലയുടെ പല സ്ഥലങ്ങളിലും പുതിയ പ്രവർത്തനങ്ങൾക്കായി ആഗ്രഹിച്ച് പ്രാർത്ഥിക്കുന്നു. ഏലിയാവിന്റെ ബാല്യക്കാരൻ 7-ാം പ്രാവശ്യം കടലിനുനേരെ നോക്കീട്ട് മടങ്ങിവന്ന്, ഇതാ കടലിൽനിന്ന് ഒരു മനുഷ്യന്റെ കൈപ്പത്തിപോലെ ഒരു ചെറിയ മേഘം പൊങ്ങുന്നത് കണ്ടെന്നു യജമാനനെ അറിയിച്ചതുപോലെ ചില സാധ്യതകളെ മുമ്പിൽ കണ്ടുകൊണ്ട് പലയിടത്തും പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. സെന്ററിൽ 100 സഭകളെ ലക്ഷ്യമിട്ട് പ്രാർത്ഥിക്കുന്നു.

**വനിതാസമാജം**

വനിതാസമാജം പ്രവർത്തനങ്ങൾ എല്ലാ സഭകളിലും നടക്കുന്നതിന് പുറമേ സെക്ഷൻ, സെന്റർതല മീറ്റിംഗുകളും പ്രവർത്തനങ്ങളും നടന്നുവരുന്നു. സഹോദരിമാരായ റോസമ്മ ബോസ്, ലിസ്സി മാത്യു, ബിജിനി സജി, സമിജ ഷിബു, സുജ സിജി, മറിയാമ്മ ചെറിയാൻ എന്നിവർ വിവിധ ചുമതലകൾ വഹിക്കുന്നു.

**സി. ഇ. എം.**

സി. ഇ. എം. പ്രവർത്തനങ്ങളും എല്ലാ സഭകളിലും സെന്റർ തലത്തിലും നടന്നുവരുന്നു. പാ. ഷിബു ഡി., പാ. അഭയ് സാം, പാ. സിജി ജോൺസൺ, പാ. മനോജ് കെ. എസ്., ബ്രദർ തോമസ് കെ ഇരവികുളങ്ങര എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

**സൺഡേസ്കൂൾ**

സൺഡേസ്കൂൾ പ്രവർത്തനം എല്ലാ സഭകളിലും, സെക്ഷൻ തലത്തിലും മികച്ചരീതിയിൽ നടന്നുവരുന്നു. പാ. സാബു ഫിലിപ്പ്, പാ. സജി സൈമൺ, ബ്രദർ റ്റി. പി. ജോർജ്, ബ്രദർ എ. സി. ജോൺ എന്നിവരുടെ ചുമതലയിൽ ഭംഗിയായി പ്രവർത്തനങ്ങൾ നടക്കുന്നു.

**സെന്റർ കൺവൻഷൻ**

2018 ഫെബ്രുവരി 21 ബുധൻ മുതൽ 25 ഞായർ വരെ കോട്ടയം സെന്റർ കൺവൻഷൻ, പഴയ ബസ് സ്റ്റാന്റിനെ തിരുവശത്തുള്ള പോലീസ് ഗ്രൗണ്ടിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു. പ്രസംഗകർ പാ. ബോസ് എം. കുരുവിള, പാ. കെ. റ്റി. തോമസ്, പാ. പോൾ ഗോപാലകൃഷ്ണൻ, പാ. കെ.ജെ. തോമസ് കുമളി, പാ. സാജു ചാത്തന്നൂർ, പാ. അനീഷ് കാവാലം, കൂടാതെ കൺവൻഷനോടനുബന്ധിച്ച് വനിതാസമാജം, സി.ഇ.എം. സൺഡേ സ്കൂൾ സമ്മേളനങ്ങളും നടക്കുന്നതാണ്. പാ. ബോസ് എം. കുരുവിളയുടെ നേതൃത്വത്തിൽ കൺവൻഷൻ ക്രമീകരണങ്ങൾക്കായി വിവിധ കമ്മറ്റികൾ രൂപവൽക്കരിച്ച് ഒരുക്കങ്ങൾ ആരംഭിച്ചു. കൺവൻഷനു മുമ്പായി ഇരുസെക്ഷനുകളിലുമായി 8 പ്രാർത്ഥനാ മീറ്റിംഗുകൾ നടത്തുവാൻ പാ. ജോൺ കെ. മാത്യു (ജനറൽ കൺവീനർ) ഉം, പാ. ഷിബു ഡി. യും ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

# ആത്മീക മണ്ഡലത്തിലെ ആൾ ദൈവങ്ങൾ



**പാസ്റ്റർ ജേക്കബ് കൊച്ചര**

ആൾദൈവങ്ങളുടെ ആത്മീയതയും ആത്മീയ ലോകത്തെ ആൾ ദൈവങ്ങളും ചേർന്നുള്ള ഒരുതരം തേർവാഴ്ച അരങ്ങു തകർക്കുകയാണിന്ന്. പുറമെ കാണുന്ന ആത്മീയതയുടെ പുകമറയിൽ മയങ്ങിപ്പോകുന്ന ഒരുപറ്റം വിശ്വാസികൾ അബദ്ധജഡിലമായ അനുഭൂതിയിൽ എത്തിച്ചേരുമ്പോൾ, ഉത്തരാധുനികതയുടെ ഉത്തുംഗശൃംഗമേറി എന്നു അഭിമാനിക്കുന്ന ആധുനിക സമൂഹം പോലും കപട ആൾ ദൈവങ്ങളുടെ മാസ്മരിക വലയത്തിൽ അകപ്പെട്ടിരിക്കുന്നു എന്നുള്ളത് ആശങ്കാജനകവും വിരോധാഭാസവുമാണ്. സാക്ഷരതയിലും – സാംസ്കാരികത്തനിമയിലും മുൻപന്തിയിൽ നിൽക്കുന്ന കേരളാ സമൂഹത്തിലെ ആത്മീയതയും ഇതിന്റെ പ്രഭാവത്തിലാണ്. ആത്മീയം കച്ചവടച്ചരക്കായി മാറിക്കൊണ്ടിരിക്കുന്നു. ഇതിനു ചുക്കാൻ പിടിക്കുന്നവർ അറിഞ്ഞോ അറിയാതെയോ ആൾദൈവങ്ങളായി രൂപാന്തരപ്പെടുന്നു. കാര്യസാധ്യത്തിനായി ഇവരുടെ ആരാധകരായി മാറുന്ന അണികൾ, അതിര് കടക്കുന്ന ബഹുമാനവും പുകഴ്ചയും കൊണ്ട് ദൈവങ്ങളായി ഇവരെ സമൂഹത്തിൽ പ്രതിഷ്ഠിക്കുന്നു. ക്രൈസ്തവീയതയുടെ മറവിൽ അത്ഭുതങ്ങളും, വീര്യപ്രവർത്തികളും, രോഗശാന്തിയും നടത്തി തട്ടിപ്പിനു കൊടിപിടിക്കുന്ന ക്രൈസ്തവ ലോകത്തെ ആൾദൈവങ്ങളും ഒട്ടും പിന്നിലല്ല. യേശുവിന്റെ നാമത്തിൽ അത്ഭുതം കാട്ടി സ്വയം പ്രഖ്യാപിത ആൾദൈവങ്ങളായി, സത്യത്തിന്റെ കണ്ണുകെട്ടി അന്ധകാരത്തിലേക്ക് ഒരു ജനതയെ അവർ വഴിതെറ്റിക്കുന്നു.

ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കേണ്ടന്നോ, ആദരിക്കേണ്ടന്നോ ഞാൻ അർത്ഥമാക്കുന്നില്ല. "രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടി വരുന്നിടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ട് എന്നും ഞാൻ നിങ്ങളോടു പറയുന്നു (മത്തായി. 18:20)". ഈ ആൾദൈവങ്ങളുടെ മുമ്പിൽ ഇതൊന്നും വിലപോകില്ല. യേശു വരണമെന്നോ, യേശുവിനെ ബഹുമാനിക്കണമെന്നോ ഇവർ കരുതുന്നില്ല. "നിങ്ങൾ എല്ലാവരും ക്രിസ്തുവിൽ സഹോദരന്മാർ" എന്നാണ് യേശു പറഞ്ഞിരിക്കുന്നത്. രാജ്യത്തിന്റെ നിയമവ്യവസ്ഥകൾ തകിടം മറിക്കുന്ന രംഗപ്രവേശനത്തിനൊടുവിൽ ഹരിയാനയിലെ ഒരു 'ആൾ ദൈവത്തിന്റെ' ആഴത്തിലുള്ള പതനം അറും കൊലനടത്തിയും ആത്മീയ പരിവേഷം അണിഞ്ഞും ഹരിയാനയിലെ ദേര സഞ്ചാ സൗദാ സ്ഥാപകൻ ഗുർമിത് റാം റഹിം അയാളുടെ ആത്മീയം ഇപ്പോൾ അഴിക്കുള്ളിൽ ഒതുങ്ങിയിരിക്കുന്നു. എന്താണ് ദേരാ സച്ചാ സൗദയെന്നും ഇതിന്റെ ലക്ഷ്യം എന്താണെന്നും ഗുർമിത് എന്താണ് ചെയ്തതെന്നും തിന്മയുടെ വഴികൾ എന്താണെന്നും അറിയേണ്ടിയിരിക്കുന്നു. ദേരാ സച്ചാ സൗദയുടെ അർത്ഥം വിപുലവും വിശാലവുമാണ്. സത്യത്തിന്റെ ഇരിപ്പിടം എന്നാണ് അർത്ഥം. നല്ല അർത്ഥംതന്നെ. ഈ അർത്ഥത്തിന്റെ ആയിരം കാതം അപ്പുറത്തുപോലും എത്താൻ കഴിയാത്ത പ്രവർത്തികളാണ് ഗുർമിത് ചെയ്തുകൂട്ടിയത്. സാമൂഹ്യപ്രവർത്തനത്തിലും ജീവകാരുണ്യപ്രവർത്തനത്തിലും ഊന്നൽ കൊടുത്ത പ്രസ്ഥാനമായിരുന്നു തേരാ സച്ചാ സൗദാ. എന്നാൽ പിൽക്കാലത്ത് ഇത് ജനകീയമായി പന്തലിച്ചു. വളർച്ചയുടെ പാതയിൽ 5 വിദേശ രാജ്യങ്ങളിൽ 46 ആശ്രമങ്ങളും ഏതാണ്ട് 6 കോടിയിലധികം അനുയായികളുമായി വളർച്ച പ്രാപിച്ചു. ബച്ചുയിസ്ഥാനിൽ നിന്നു ഹരിയാനായിലെ സിർസായിലെത്തിയ മസതാതാ ബച്ചുചി സ്ഥാനി എന്ന മതനേതാവായിരുന്നു ഇതിന്റെ സ്ഥാപകൻ. ആസ്ഥാനം സിർസയിലാണ്. പിന്നീട് ഗുർമിങ്ങ് 6 കോടി ജനത്തിന്റെ ആൾ ദൈവമായി മാറി.

ധനത്തിന്റെ കുമ്പാരവും രാഷ്ട്രീയ സ്വാധീനവുംകൂടി ചേർന്നപ്പോൾ ഏതു അനീതിക്കും ലൈസൻസ് കിട്ടിയെന്ന് ഗുർമിതിനെ തോന്നി. അതെ, തന്നെ നിയമത്തിന്റെ എല്ലാ വേലിക്കെട്ടുകളെ പറിച്ചെറിയുന്നതിന് സാധീനിച്ചു എന്ന് പറയുന്നതിൽ തെറ്റില്ല. ഈ ലോകത്തിൽ ആൾബലവും പണവും രാഷ്ട്രീയവും ഉണ്ടെങ്കിൽ എന്തും ചെയ്യാനുള്ള ലൈസൻസായി എന്നാണ് ചിലർ ധരിച്ചിരിക്കുന്നത്. ആത്മീകത്തെ ആശ്രയിച്ചു വന്ന അന്തേവാസികളായ സ്ത്രീജനങ്ങൾ പീഡിപ്പിക്കപ്പെട്ടുകൊണ്ടിരുന്നു. ഇത് വെളിയിൽ കൊണ്ടുവരാൻ ശ്രമിച്ചവരെ ശബ്ദിക്കുന്നതിനു മുമ്പു തന്നെ ഇല്ലായ്മ ചെയ്തു. പിന്നെയാരും വെളിച്ചം കണ്ടിട്ടില്ല. നിസ്സാരം എന്നു തോന്നുന്ന ഒരു ഊമ കത്തിലൂടെയാണ് ഗുർമിതിനെതിരായ പീഡനക്കേസ്സുകളുടെ ചുരുളുകൾ അഴിഞ്ഞുതുടങ്ങിയത്. പീഡനത്തിനിരയായ 40 വയസ്സുകാരി തന്റെ കോളേജു പഠന സമയത്താണ് പീഡനത്തിന് ഇരയായത്. ഇവളുടെ കേസ് കോടതി പരിഗണിച്ചപ്പോൾ തന്റെ മുട്ടുകൾ ആടിത്തുടങ്ങി. കപട ആത്മിക നേതാവിന്റെ പൊള്ളത്തരം ലോകം അറിഞ്ഞു. കോടിക്കണക്കിന് സ്വത്തുക്കൾ, സ്ഥാപനങ്ങൾ കണ്ടുകെട്ടുന്നതിന് നീതിന്യായകോടതി ഉത്തരവിട്ടു. റെയ്ഡിൽ എത്രയെത്ര വെടിക്കോപ്പുകൾ, മാരകായുധങ്ങൾ, ഭീകരമായ പലതും കണ്ടുകിട്ടി. ഇവിടുത്തെ പണവും രാഷ്ട്രീയവും ആൾസ്വാധീനവും അനീതിയെ നിശബ്ദമാക്കിയപ്പോൾ കോടതിയും മാധ്യമലോകവും സംയോജിതമായ ഇടപെടലിലൂടെ ഗുർമിതിന്റെ എല്ലാ അനീ

സാക്ഷരതയിലും – സാംസ്കാരികത്തനിമയിലും മുൻപന്തിയിൽ നിൽക്കുന്ന കേരളാ സമൂഹത്തിലെ ആത്മീയതയും ഇതിന്റെ പ്രഭാവത്തിലാണ്. ആത്മീയം കച്ചവടച്ചരക്കായി മാറിക്കൊണ്ടിരിക്കുന്നു. ഇതിനു ചുക്കാൻ പിടിക്കുന്നവർ അറിഞ്ഞോ അറിയാതെയോ ആൾദൈവങ്ങളായി രൂപാന്തരപ്പെടുന്നു.

ശേഷം പേജ് 15

# ശാരോൻ ഫെലോഷിപ്പ് ചർച്ച്, തിരുവല്ല

## പ്രത്യേക അറിയിപ്പ്

ശാരോൻ ഫെലോഷിപ്പ് ചർച്ച് ശുശ്രൂഷകൻ എന്ന പേരിൽ ഗീത്കുമാർ സോമനാഥ പിള്ള @ മണിക്കുട്ടൻ @ ശ്രീജിത്ത് എന്ന വ്യക്തി ചെയ്ത അധാർമ്മിക പ്രവൃത്തികളെക്കുറിച്ചുള്ള വാർത്തകൾ 15-11-2017 ൽ ടൈംസ് ഓഫ് ഇന്ത്യ ദിനപ്പത്രത്തിലും തുടർന്ന് മറ്റ് ചില മാധ്യമങ്ങളിലും നിങ്ങൾ വായിച്ചിരിക്കുമല്ലോ. മേൽപ്പറയപ്പെട്ട ഗീത്കുമാർ സോമനാഥപിള്ള @ മണിക്കുട്ടൻ @ ശ്രീജിത്ത് കൗൺസിലിനാൽ നിയമിക്കപ്പെട്ടിട്ടുള്ള ശുശ്രൂഷകനല്ല. ഉല്ലാസ്നഗർ എന്ന സ്ഥലത്ത് ശാരോൻ ഫെലോഷിപ്പിന് ഒരു സഭാ കൂടിവരവ് ഉണ്ടായിരുന്നു. അവിടെ നമ്മുടെ മുൻ പ്രസിഡന്റ് റവ.ഡോ.റ്റി.ജി കോശി അവർകളുടെ പേരിൽ (ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി) അല്പ വസ്തുവും ഒരു ചെറിയ കെട്ടിടവും ഉണ്ട്. ചില വർഷങ്ങൾക്ക് മുമ്പ് അവിടുത്തെ പ്രവർത്തനങ്ങൾ നാമാവശേഷമാവുകയും ചില വ്യക്തികൾ മാത്രം അവശേഷിക്കുകയുമുണ്ടായി. അവിടെ സഭാ ശുശ്രൂഷകനോ മറ്റാരെങ്കിലുമോ ഇല്ലാതിരുന്നതിനാൽ, വസ്തുവകകളുടെ സംരക്ഷണത്തിനായി മേൽപ്പറയപ്പെട്ട ഗീത്കുമാറിനെ ചുമതലപ്പെടുത്തിയിരുന്നതായാണ് കൗൺസിലിന്റെ അന്വേഷണത്തിൽ പാസ്റ്റർ മാത്യൂസ് എം.കുര്യൻ, പാസ്റ്റർ സി.റ്റി.ജേക്കബ് എന്നിവർ വെളിപ്പെടുത്തിയത്.

ബാഹ്യകേരളത്തിൽ ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ പ്രവർത്തനങ്ങൾക്ക് സമാന്തരമായി വിമത പ്രവർത്തനങ്ങൾ ചെയ്യുന്ന ഒരു ന്യൂനപക്ഷമുണ്ട്. അപ്രകാരമുള്ള സമാന്തരപ്രവർത്തനങ്ങളുടെ ഭാഗമായി മഹാരാഷ്ട്ര-ഗോവ സെന്റർ നേതൃത്വത്തിന് വിധേയപ്പെടാതെ നിൽക്കുന്നവർ നടത്തിയിരുന്ന ചില വിമത മീറ്റിംഗുകളിൽ മേൽ പറയപ്പെട്ട ഗീത്കുമാർ സംബന്ധിച്ചിരുന്നതായാണ് മനസ്സിലാക്കിയിട്ടുള്ളത്. സമാന്തരപ്രവർത്തനങ്ങൾ പാടില്ല എന്ന് വ്യക്തമാക്കി അങ്ങനെയുള്ളവരെ കർശനമായി താക്കീത് ചെയ്തിരുന്നതുമാണ്.

മുന്നറിയിപ്പുകളെ വകവയ്ക്കാതെ, സമാന്തരപ്രവർത്തനങ്ങൾക്കായി, ധാർമ്മീകതയില്ലാത്ത വ്യക്തികളെ ചിലർ കൂട്ടുചേർത്തതുമൂലം ഉണ്ടായ അപമാനകരമായ സംഭവങ്ങളിൽ കൗൺസിൽ അതിയായി ദുഃഖിക്കുന്നു. ശാരോൻ ഫെലോഷിപ്പ് ചർച്ചിന് അപമാനം ആകത്തക്ക വിധം സമാന്തരപ്രവർത്തനങ്ങൾ തുടരുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് കൗൺസിൽ തീരുമാനിച്ചിട്ടുണ്ട് എന്ന വസ്തുതയും നിങ്ങളെ അറിയിച്ചുകൊള്ളുന്നു.

എന്ന് സഭാ കൗൺസിലിനുവേണ്ടി
**പാസ്റ്റർ കെ.ജി. മാത്യു**
(വർക്കിംഗ് ജനറൽ സെക്രട്ടറി)

## സമകാലിക ക്രൈസ്തവ ദൗത്യം (7-ാം പേജ് തുടർച്ച)

ടിയ യേശുക്രിസ്തു ശബ്ദരഹിതരുടെ ശബ്ദമായി മാറി.

സഭയുടെ ദൗത്യം സമകാലികമാകുന്നത് അതിലെ അംഗങ്ങൾ സമകാലീനന്മാർ ആകുമ്പോഴാണ്. സമകാലീന മനസ്സുകളുടെ നൊമ്പരങ്ങൾ, വികാരങ്ങൾ, വീർപ്പുമുട്ടലുകൾ മനസ്സിലാക്കാൻ ഒരു വിശ്വാസി എന്ന നിലയിൽ നാം തയ്യാറാവണം. റോഡ് മുറിച്ച് കടക്കാൻ പരാജയപ്പെട്ട് നിൽക്കുന്ന ഒരു വൃദ്ധനെ കണ്ട് അയ്യോ കഷ്ടം!! പാവം എന്ന മനോഭാവത്തോടെ നിൽക്കാനല്ല, കൈപിടിച്ച് മറുവശം എത്തുവാൻ സഹായിക്കുന്നതാണ് യഥാർത്ഥ ദൈവസ്നേഹത്തിലൂന്നിയ നന്മ പ്രവർത്തി. നിസ്സംഗതയുടെയും അയ്യോപാവത്തിന്റെയും അപ്പുറത്തുള്ളതാണ് ദൈവസ്നേഹം. അതിനു സഭാജനം തയ്യാറാവുമ്പോൾ സഭയുടെ നന്മ ലോകത്തിൽ വെളിച്ചമായി പ്രശോഭിക്കും. കേവലം മൂന്നര വർഷത്തെ പരസ്യ ശുശ്രൂഷയിൽ യേശുക്രിസ്തു ചൂഷകരുടെ പേടിസ്വപ്നമായി മാറി. വിപ്ലവകരമായ സാമൂഹിക ഇടപെടലുകളിലൂടെ വിമർശകരുടെ വായടയ്ക്കാൻ കഴിഞ്ഞത്, വിനീത ദാസനെപ്പോലെ ശിഷ്യന്റെ കാൽ കഴുകിയത് ഒക്കെയാണ് നമുക്ക് മാതൃകയാക്കാൻ കൊള്ളാവുന്ന ദൗത്യം. അധികാരത്തിന്റെ കസേരയല്ല, അരയിലെ തുവർത്താണ് യേശുവിന്റെ കർമ്മശേഷിയുടെ കരുത്ത്. ആത്മീക രോഗത്തിന്റെ മരുന്ന് ഷോപ്പായോ, സാമ്പത്തിക സഹായിയായ ബാങ്കറായോ മാത്രം യേശുക്രിസ്തുവിനെ കാണാതെ, പള്ളിമതിൽക്കെട്ടിന് വെളിയിലുള്ള സമൂഹത്തിൽ യേശുവിന്റെ സാന്നിധ്യം തിരിച്ചറിയണം. അതിന് ക്രൈസ്തവ ദൗത്യത്തിന്റെ ഒരു പുനർവായന അത്യാവശ്യമല്ലേ? സ്വയം ശൂന്യനാക്കിയ ദൈവപുത്രനാണ് നമ്മുടെ റോൾമോഡൽ. ലോകത്തിൽ ശാപത്തിന്റെ മുദ്രയായി, നഷ്ടത്തിന്റെ കണക്കുപുസ്തകമായി യേശുവിന്റെ ശുശ്രൂഷയെ ആധുനിക കമ്പോള സംസ്കാരം വിധിക്കുമ്പോൾ ഒന്ന് ഓർക്കണം; ഇന്ന് ജനകോടികൾ ആരാധിക്കുന്ന ഏക നാമം, വിരലിലെണ്ണാവുന്ന വിദ്യാരഹിതരായ, മുക്കുവ യുവാക്കളെ കൊണ്ട് ലോകത്തിന്റെ പേടിസ്വപ്നമായി- സ്നേഹത്തിന്റെ ആൾരൂപമായി മാറിയത് സ്വയം ശൂന്യനാക്കിയ യേശുക്രിസ്തു മാത്രമാണ്.

## ആരാധനയിൽ സംഗീതത്തിനുള്ള പങ്ക്

(6-ാം പേജ് തുടർച്ച)

ജീവിതഗന്ധിയായ പാട്ടുകൾ ജനത്തിന് ആശ്വാസവും വിടുതലും നൽകുന്നു. ദൈവഭക്തന്മാരുടെ അനുദിന ധ്യാനവേളകളിൽ പാട്ടുകൾ സന്തത സഹചാരിപോലെയാണ്. ഭക്തന്മാരെ യഹോവയ്ക്ക് പാടുവീൻ എന്ന് ദാവീദ് ആഹ്വാനം ചെയ്യുന്നത് അനുഭവത്തിലൂടെയാണ്. സംഗീതശുശ്രൂഷയ്ക്ക് ദാവീദ് സംഘത്തെ തയ്യാറാക്കിയിരുന്നു.

സഭാരാധനകളിൽ ദൈവവചനം കഴിഞ്ഞാൽ പരമപ്രാധാന്യം പാട്ടുകൾക്കാണ്. നവോത്ഥാനത്തിന്റെ നായകനായ മാർട്ടിൻ ലൂഥർ പാട്ടുകൾക്ക് ആരാധനയിൽ സ്ഥാനമുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. ഡി.എൽ. മൂഡിയുടെ ശുശ്രൂഷയിൽ സാങ്കിയുടെ പാട്ടുകൾ അനേകായിരങ്ങളെ ദൈവത്തിങ്കലേക്ക് നയിച്ചിട്ടുണ്ട്. ചെങ്കടൽ കടന്ന ജനം തപ്പെടുത്ത് നൃത്തം ചെയ്ത് ദൈവത്തെ പാടി ആരാധിച്ചു (പുറപ്പാട് 15:1). പിതാക്കന്മാർ ആരാധനകളിൽ പാട്ടിന് സ്ഥാനം നൽകിയിരുന്നു. രക്ഷിക്കപ്പെട്ട ദൈവജനം നിത്യതയിലും ദൈവത്തിന് പാട്ടു പാടും (വെളി. 5:8-12). പുതിയ പാട്ടുപാടുന്നു. കുഞ്ഞാടെ നീ യോഗ്യൻ എന്ന പാട്ടു പാടും.

പ്രിയവായനാ മിത്രമേ; ആരാധനകളിൽ പാട്ടിനു വളരെ പ്രാധാന്യം ഉണ്ട്. ആയതിനാൽ പരിശുദ്ധനായ ദൈവത്തിന് നമുക്ക് പാടാം. പാടി ദൈവത്തെ സ്തുതിക്കാം. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

# ജനറൽ കൺവൻഷൻ ആരംഭിച്ചു




**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് സഭകളുടെ ജനറൽ കൺവൻഷൻ ആരംഭിച്ചു. നവംബർ 27 തിങ്കളാഴ്ച വൈകിട്ട് 6.30 ന് സഭാ പ്രസിഡന്റ് റവ.ജോൺ തോമസ് ഉദ്ഘാടനം ചെയ്തു. ഇന്നത്തെ കാലഘട്ടത്തിൽ പരിശുദ്ധാത്മ ശക്തിയുടെ സാന്നിധ്യമാണ് വിശ്വാസ സമൂഹത്തിന് അനിവാര്യമായിരിക്കുന്നത്. വെള്ളത്തിന്മീതെ പരിവർത്തിച്ചു കൊണ്ടിരുന്ന ആത്മാവിന് ഏതു തകർന്ന സാഹചര്യങ്ങളെയും വ്യത്യാസപ്പെടുത്താൻ കഴിയും. ജീവദായകവും ശക്തിദായകവുമായ ദൈവാത്മാവിന് പ്രവർത്തന സ്വാതന്ത്ര്യം സഭകളിൽ ഉണ്ടാകുമ്പോഴാണ് ആത്മാക്കൾ സഭയിലേക്ക് ആകർഷിക്കപ്പെടുന്നത്. അദ്ദേഹം പ്രസ്താവിച്ചു. പാസ്റ്റർ പി. ജി. ജേക്കബ് അധ്യക്ഷത വഹിച്ചു. പാസ്റ്റർ ഏബ്രഹാം ജോസഫ് സങ്കീർത്തന വായനയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ കോശി ഉമ്മൻ മുഖ്യസന്ദേശം നൽകി.

തുടർന്നുള്ള ദിവസങ്ങളിൽ റവ. റ്റി.ജി കോശി, പാസ്റ്റർ ബെനിസൻ മത്തായി, ഡോ.മാത്യു വർഗീസ്, ഡോ. തോമസ് ഏബ്രഹാം, റവ.ജോൺ ജോൺസൺ തുടങ്ങിയവരും ശാരോൻ ഫെലോഷിപ്പിലെ മറ്റ് അനുഗ്രഹീത ദൈവദാസന്മാരും പ്രസംഗിക്കും. പരിവർത്തിക്കുന്ന ആത്മാവ് എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. ശാരോൻ ക്വയർ ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നൽകുന്നു.

എല്ലാ ദിവസവും രാവിലെ 7.30 മുതൽ 8.30 വരെ ബൈബിൾ സ്റ്റഡി നടക്കും. ചൊവ്വ മുതൽ വെള്ളിവരെ രാവിലെ 9.30 മുതൽ പാസ്റ്റേഴ്സ് മീറ്റിംഗ് നടക്കും. വിവിധ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസുകളും സെമിനാറുകളുമായിരിക്കും ഈ കോൺഫറൻസിൽ നടക്കുന്നത്. ഇതോടൊപ്പം പാസ്റ്റേഴ്സിന്റെ ഓഡിനേഷൻ ശുശ്രൂഷയും നടത്തപ്പെടുന്നു. ഇതേ സമയം കൺവൻഷൻ ഗ്രൗണ്ടിൽ വിശ്വാസികൾക്കുവേണ്ടി പ്രത്യേക യോഗങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ഈ ദിവസങ്ങളിൽ ഉച്ചയ്ക്ക് 2 മുതൽ മിഷൻ സമ്മേളനങ്ങൾ, മിഷൻ ചലഞ്ച്, കാത്തിരിപ്പുയോഗം തുടങ്ങിയുള്ള മീറ്റിംഗുകൾ നടക്കും. വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് ബാഹ്യകേരളാ സഭകളിലെ ശുശ്രൂഷകന്മാരുടെ പ്രത്യേക സമ്മേളനം നടത്തപ്പെടും.

ശനിയാഴ്ച രാവിലെ 9 മുതൽ സഹോദരി സമ്മേളനം ശാരോൻ ഓഡിറ്റോറിയത്തിൽ നടക്കും. മിസ്സിസ് ഏലിയാമ്മ കോശിയുടെ അധ്യക്ഷതയിൽ നടക്കുന്ന മീറ്റിംഗിൽ മിസ്സിസ് സൂസൻ തോമസ്, മിസ്സിസ് മേഴ്സി മാത്യു എന്നിവർ പ്രസംഗിക്കും. ഇതേ സമയം കൺവൻഷൻ ഗ്രൗണ്ടിൽ നടക്കുന്ന സി.ഇ.എം., സൺഡേസ്കൂൾ സംയുക്ത സമ്മേളനത്തിന് പാസ്റ്റർ ഏബ്രഹാം മന്ദമരുതി അധ്യക്ഷത വഹിക്കും. ഡോ. മാത്യു വർഗീസ് മുഖ്യസന്ദേശം നൽകും. സി.ഇ.എം താലന്തു പരിശോധനാ വിജയികൾക്കുള്ള സമ്മാനദാനം, മെറിറ്റ് അവാർഡുകൾ, സ്കോളർഷിപ്പുകൾ തുടങ്ങിയവയുടെ വിതരണം, സൺഡേസ്കൂൾ പരീക്ഷാ റാങ്കു ജേതാക്കൾ, മെഗാ ബൈബിൾ ക്വിസ് വിജയികൾ തുടങ്ങിയവർക്കുള്ള സമ്മാന വിതരണം എന്നിവയും നടക്കും. ഉച്ചകഴിഞ്ഞ് മിഷൻ കോൺഫറൻസാണ് ക്രമീകരിച്ചിരിക്കുന്നത്.

ഞായറാഴ്ച രാവിലെ സ്നാനശുശ്രൂഷയും 8.30 മുതൽ സംയുക്ത സഭായോഗവും സമാപന സമ്മേളനവും നടക്കും.

## ആത്മിക മണ്ഡലത്തിലെ ആൾ ദൈവങ്ങൾ

13-ാം പേജ് തുടർച്ച

തിയും പുറത്തുകൊണ്ടുവരുന്നതിന് ചങ്കൂറ്റം കാണിച്ചു.

ഇത് തനി ആത്മീകരുടെ ഇടയിലെയ്ക്കുള്ള ആൾ ദൈവങ്ങൾക്ക് ഒരു ചൂണ്ടുപലകയാണ് (മുന്നറിയിപ്പായി കാണാം). നമ്മുടെ കൺവൻഷൻ സ്റ്റേജുകളിലും ഇതര മേഖലകളിലും ഇന്നത്തെ ന്യൂ ജനറേഷന്റെ സ്വാധീനം അനേകം ആൾദൈവങ്ങളെ സൃഷ്ടിച്ചിരിക്കുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നൂതന ആവിഷ്കാരങ്ങളുടെ വെച്ചുകെട്ടുകൾ മാത്രമാണിത്. ഇത് പ്രോത്സാഹിപ്പിക്കുന്ന ന്യൂജനറേഷൻ ആരാധകർ. ആരാധന അർഹിക്കുന്നവനെ മറന്നു, അനർഹരെ ആരാധിച്ചു വരുന്നു. സത്യാരാധനയെ വെറുക്കുന്ന സാത്താന്റെ പക്ഷത്താണ് ഈ പാവങ്ങൾ എന്ന് വിസ്മരിക്കുന്നു. ഇവരുടെ വിളിയും വിളമ്പലും കേമമാണ്. നാം ശ്രദ്ധിച്ചാൽ നമ്മുടെ വിലയേറിയ പിതാവ് വന്നു. നമ്മുടെ ദാസനും കർത്താവിന്റെ ദാസനും, ദൈവത്തിനും ബൈബിളിനും പുറത്തുള്ള ഒരുപാടു ശുശ്രൂഷകൾ ഇവർ ഏറ്റെടുത്തിരിക്കുന്നു. ഇതിലൂടെ നടക്കുന്ന അത്ഭുത സൃഷ്ടികൾ നാം കാണുന്ന ആത്മികത്തിലെ അധഃപതനം എന്നല്ലാതെ എന്താണ് പറയുക.

അമിത ആവേശവും പിന്നാംപുറത്തെ അധികാരവും ആൾബലവും അകത്തും പുറത്തുമുള്ള അരങ്ങു തകർക്കുമ്പോൾ സാത്താൻ വിജയിച്ചതായി അവൻ പുഞ്ചിരിക്കുന്നുണ്ടാകും. ഇതൊന്നും തിരിച്ചറിയാതെ പാവം അണികൾ അണിയറ സമ്മേളനം സമൃദ്ധമാക്കുന്നു. ഇതിനിടയിൽ എന്തു സംഭവിക്കുന്നുവെന്ന് തരംതിരിച്ച് പറയാൻ കഴിയാത്ത കാണികൾ അമ്പരന്നു നിൽക്കുന്നു. താമസിയാതെ പെന്തക്കോസ്തിലും പരിശുദ്ധരും വാഴ്ത്തപ്പെട്ടവരും ഉണ്ടാകാതിരിക്കാൻ തീരുമാനിച്ചു.

# ശാരോൻ തയ്യൽ സ്കൂൾ ആരംഭിച്ചു

**കണ്ണൂർ:** ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ ശാരോൻ ചിൽഡ്രൻസ്ഹോമിൽ തയ്യൽ സ്കൂൾ ആരംഭിച്ചു.

നവംബർ 21ന് പാസ്റ്റർ ഏബ്രഹാം ജോസഫിന്റെ അധ്യക്ഷതയിൽ പായം പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബി. അശോകൻ ഉദ്ഘാടനം നിർവ്വഹിച്ചു. പാസ്റ്റർ സി.വി.ഏബ്രഹാം, പാസ്റ്റർ കെ.ജെ.ജോബ്, ജേക്കബ് സഖറിയ തുടങ്ങിയവർ ആശംസകളറിയിച്ചു. സഹോദരിമാർക്ക് തൊഴിൽ പരിശീലനത്തിന്റെ ഭാഗമായി ആരംഭിച്ചതാണ് തയ്യൽ സ്കൂൾ. ഒക്കലഹോമ ശാരോൻ ഫെലോഷിപ്പ് ആണ് ഇതിനു ക്രമീകരണം ചെയ്യുന്നത്.

കൂടാതെ ചിൽഡ്രൻസ് ഹോമിലെ വിദ്യാർത്ഥികൾക്ക് വസ്ത്രവും നൽകുകയുണ്ടായി.

# ശാരോൻ റൈറ്റേഴ്സ് ഫോറം നിലവിൽ വന്നു



പാ. സാം റ്റി. മുഖത്തല



പാ.കോശി ഉമ്മൻ



പാ. അനീഷ് കൊല്ലങ്കോട്



പാ. ഫിലിപ്പ് ഏബ്രഹാം

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ എഴുത്തുകാരുടെ കൂട്ടായ്മ എന്ന ലക്ഷ്യവുമായി ശാരോൻ റൈറ്റേഴ്സ് ഫോറം നിലവിൽ വന്നു. സഭയിലെ എഴുത്തുകാർക്കിടയിൽ ചില മാസങ്ങളായി നടന്നു വന്ന ചർച്ചയുടെ ഫലമായാണ് ഫോറം രൂപീകരിക്കപ്പെട്ടത്. നവംബർ 14ന് തിരുവല്ല ശാരോനിൽ കൂടിയ പ്രഥമ ജനറൽ ബോഡി മീറ്റിംഗിൽ വച്ച് എക്സിക്യൂട്ടീവ് കമ്മറ്റിയേയും ഔദ്യോഗിക ഭാരവാഹികളെയും തെരഞ്ഞെടുത്തു. പാസ്റ്റർമാരായ സാം റ്റി. മുഖത്തല (ചെയർമാൻ), കോശി ഉമ്മൻ (വൈസ് ചെയർമാൻ), അനീഷ് കൊല്ലങ്കോട് (ജനറൽ സെക്രട്ടറി), ഏബ്രഹാം മന്ദമരുതി (ലിറ്ററേച്ചർ സെക്രട്ടറി), റോബിൻസൻ പാപ്പച്ചൻ (മീഡിയ സെക്രട്ടറി), ഫിലിപ്പ് ഏബ്രഹാം (ട്രഷറാർ), പ്രസാദ് ഏബ്രഹാം (ജനറൽ കോർഡിനേറ്റർ) എന്നിവരാണ് ഔദ്യോഗിക ഭാരവാഹികൾ എഴുത്തുകാരെ ആദരിക്കുക, നവാഗത എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക, സഭാംഗങ്ങൾക്കിടയിൽ വായനാശീലം വളർത്തുക, വേദപുസ്തക ഉപദേശത്തിനു വേണ്ടി നിലകൊള്ളുക തുടങ്ങിയവയാണ് റൈറ്റേഴ്സ് ഫോറത്തിന്റെ ലക്ഷ്യങ്ങൾ.

## പാസ്റ്റർ എം.പി. മാത്യു ഫണ്ട്

**കഴിഞ്ഞ ലക്കം തുടർച്ച**

| | | |
|---|---|---|
| അങ്കമാലി (ആലുവ സെന്റർ) | – | 15000 |
| നല്ലില (കൊട്ടാരക്കര) | – | 13850 |
| കണ്ണംപള്ളി (റാന്നി) | – | 12000 |
| പുന്നവേലി (മല്ലപ്പള്ളി) | – | 1000 |
| മേൽപ്പാടം (തിരുവല്ല വെസ്റ്റ്) | – | 7000 |
| തെക്കേമല (കുമ്പനാട്) | – | 2650 |
| 6–ാം മൈൽ (ഹൈറേഞ്ച്) | – | 8600 |
| ചെങ്കുളം (കൊട്ടാരക്കര) | – | 14000 |
| **വ്യക്തിപരം** | | |
| പാസ്റ്റർ മാത്യു വി. ജേക്കബ് | – | 2000 |
| പാസ്റ്റർ ജോസഫ്കുട്ടി | – | 1000 |

# മാസയോഗവും വാർഷികവും

**കാരിച്ചാൽ:** ശാരോൻ ഫെലോഷിപ്പ് ചർച്ച് തിരുവല്ല വെസ്റ്റ് സെന്ററിന്റെ മാസയോഗവും പുത്രികാ സംഘടനയുടെ സംയുക്ത വാർഷികവും നവംബർ 11ന് കാരിച്ചാൽ ശാരോൻ ഫെലോഷിപ്പിൽ വെച്ചു നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ കെ.ജോണിക്കുട്ടി അധ്യക്ഷത വഹിച്ചു. സഭാ വൈസ് പ്രസിഡന്റ് പാസ്റ്റർ പി.എം. ജോൺ മുഖ്യസന്ദേശം നൽകി. സി.ഇ.എം., സൺഡേസ്കൂൾ കമ്മറ്റിയുടെ ചുമതലയിൽ താലന്തു പരിശോധന, വാർഷിക പരീക്ഷ വിജയികൾക്കുള്ള സമ്മാനദാനം, വനിതാസമാജത്തിന്റെ ചുമതലയിൽ വിധവാസഹായം എന്നിവയുടെ വിതരണവും നടന്നു. സെന്റർ തലത്തിൽ താലന്തു പരിശോധനയിൽ ഈ വർഷവും കൂടുതൽ പോയിന്റ് നേടിയ ചാത്തങ്കരി സഭ എവറോളിംഗ് ട്രോഫി കൈപ്പറ്റി.

# അധ്യാപക പരിശീലന സെമിനാർ

**ശൂരനാട്:** സെക്ഷൻ സൺഡേസ്കൂൾ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നവംബർ 19ന് കണ്ണമം ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ വെച്ച് സൺഡേസ്കൂൾ അധ്യാപകപരിശീലന സെമിനാർ നടന്നു. പാസ്റ്റർ റ്റി. മാത്യുവിന്റെ അധ്യക്ഷതയിൽ പാസ്റ്റർ വി.എം. ജേക്കബ് ഉദ്ഘാടനം ടെയ്തു. പാസ്റ്റർ ഏബ്രഹാം മന്ദമരുതി ക്ലാസ്സെടുത്തു. പാസ്റ്റർ അലക്സാണ്ടർ ഫിലിപ്പ് പ്രാർഥനയ്ക്ക് നേതൃത്വം നൽകി. പാസ്റ്റർ ജോമോൻ ജെ. നന്ദി അറിയിച്ചു.

# റീജിയൻ ഫാമിലി സെമിനാർ

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് തിരുവല്ല റീജിയന്റെ ആഭിമുഖ്യത്തിൽ ശുശ്രൂഷകന്മാരുടെ കുടുംബ സെമിനാർ ഡിസംബർ 7ന് തിരുവല്ല ശാരോനിൽ നടക്കും. റവ. ജോൺ തോമസ്, പാസ്റ്റർമാരായ പി.എം. ജോൺ, ഏബ്രഹാം ജോസഫ്, ഫിന്നി ജേക്കബ്, ജോൺസൻ കെ. ശമുവേൽ എന്നിവർ പ്രസംഗിക്കും. തിരുവല്ല, തിരുവല്ല വെസ്റ്റ്, കുമ്പനാട് സെന്ററുകൾ ചേർന്നതാണ് തിരുവല്ല റീജിയൻ.

# നോർത്ത് അമേരിക്കൻ കോൺഫറൻസ് ഡിട്രോയിറ്റിൽ


സി.വി. ഏബ്രഹാം


അലക്സാണ്ടർ റ്റി. ജോൺ


വർക്കി വർഗീസ്

**മിഷിഗൺ:** നോർത്ത് അമേരിക്കയിലുള്ള ശാരോൻ ഫെലോഷിപ്പ് സഭകളുടെ 16-ാമത് ഫാമിലി കോൺഫറൻസ് 2018 ജൂൺ 21 മുതൽ 24 വരെ മിഷിഗൺ ശാരോൻ സഭയുടെ ചുമതലയിൽ ഡിട്രോയിറ്റിൽവെച്ചു നടക്കും. 'ദിവ്യസ്വഭാവത്തിനു കൂട്ടാളികൾ ആയിത്തീരുവിൻ' (2 പത്രോ. 1:4) എന്നതാണ് ചിന്താവിഷയം. വിവിധ സെക്ഷനുകളിലായി പ്രമുഖരായ പ്രഭാഷകർ പ്രസംഗിക്കും. ഗാനശുശ്രൂഷ, സെമിനാറുകൾ, യുവജന സമ്മേളനം, കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക പരിപാടികൾ, സഹോദരീ സമ്മേളനം, പൊതുയോഗങ്ങൾ, സംയുക്ത ആരാധന തുടങ്ങിയവയും കോൺഫറൻസിനോടനുബന്ധിച്ച് നടക്കും.

കോൺഫറൻസിന്റെ വിപുലമായ ക്രമീകരണങ്ങൾക്കായി റവ. സി.വി. ഏബ്രഹാം (കൺവീനർ), അലക്സാണ്ടർ റ്റി. ജോൺ (സെക്രട്ടറി), റവ. വർക്കി വർഗീസ് (ട്രഷറാർ), ബൻസൻ വർക്കി (യൂത്ത് കോർഡിനേറ്റർ), ജിജോ ജയിംസ് (പബ്ലിസിറ്റി കോർഡിനേറ്റർ), ജോർജി ജോൺ (ഇവന്റ് കോർഡിനേറ്റർ) എന്നിവരുടെ നേതൃത്വത്തിൽ വിവിധ കമ്മറ്റികൾ പ്രവർത്തിക്കുന്നു.

# സി.ഇ.എം. ഗുജറാത്ത് ക്യാംപ് സമാപിച്ചു



ക്യാംപ് പാസ്റ്റർ അനിൽകുമാർ ഉദ്ഘാടനം ചെയ്യുന്നു

**ആനന്ദ്:** സി.ഇ.എം. ഗുജറാത്ത് സെന്റർ ക്യാംപ് ഒക്ടോബർ 19 മുതൽ 22 വരെ ആനന്ദിൽ വെച്ചു നടന്നു. പ്രസിഡന്റ് പാസ്റ്റർ അനിൽകുമാർ ഉദ്ഘാടനം ചെയ്തു. 'ദൈവഭയം' എന്നതായിരുന്നു ചിന്താവിഷയം. പാസ്റ്റർമാരായ ഫിലിപ്പ് ഏബ്രഹാം (മണക്കാല), ജോൺ വർഗീസ് (ഡൽഹി), പി.വി. ബെന്നി, വി.എ. അലക്സാണ്ടർ, പോൾ നാരായണൻ, ബെൻസൻ ഡാനിയേൽ എന്നിവർ വിവിധ സെക്ഷനുകളിൽ പ്രസംഗിച്ചു.

ഞായറാഴ്ച സെന്ററിലെ സഭകളുടെ സംയുക്ത സഭായോഗം നടന്നു. പാസ്റ്റർ പി.വി. ബെന്നി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശാരോൻ ഫെലോഷിപ്പ് ചർച്ച് മാനേജിംഗ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ ഏബ്രഹാം ജോസഫ്, റീജിയൻ മിനിസ്റ്റർ പാസ്റ്റർ കെ. ഡേവിഡ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ഏബ്രഹാം ജോസഫ് കർത്തൃമേശാ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകി. ക്യാംപിന് സി.ഇ.എം സെന്റർ സെക്രട്ടറി ബ്രദർ പ്രിൻസൺ ചാക്കോ, ട്രഷറാർ ബ്രദർ റോയിസൺ രാജൻ തുടങ്ങിയവർ നേതൃത്വം നൽകി.

# സുവിശേഷയോഗം

**തൃശൂർ:** കുന്നംകുളം ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഡിസംബർ 23,24 തീയതികളിൽ അടുപ്പൂട്ടി വികസന സംഘം ഓഡിറ്റോറിയത്തിൽ വെച്ച് സുവിശേഷയോഗം നടക്കും. പാസ്റ്റർ അനിൽ കൊടിത്തോട്ടം പ്രസംഗിക്കും. പ്രെയ്സ് മെലഡീസ്, തൃശൂർ ഗാനങ്ങൾ ആലപിക്കും. സഭാ ശുശ്രൂഷകൻ പാസ്റ്റർ റോയിമോൻ സി. മാത്യു നേതൃത്വം നൽകും.

# സിൽവർ ജൂബിലി കൺവൻഷൻ

**ദുബായ്:** ശാരോൻ ഫെലോഷിപ്പ് ദുബായ് സഭയുടെ 25-ാമത് വാർഷികത്തോടനുബന്ധിച്ച് സിൽവർ ജൂബിലി കൺവൻഷൻ നവംബർ 6,7 തീയതികളിൽ ഹോളി ട്രിനിറ്റി ചർച്ചിൽ വെച്ചു നടന്നു. പാസ്റ്റർ റ്റി.ഡി. ബാബു പ്രസംഗിച്ചു. ശാരോൻ ബീറ്റ്സ് ഗാനശുശ്രൂഷ നിർവഹിച്ചു. പാസ്റ്റർ ഷിബു മാത്യു, ബ്രദർ സാം പി. മത്തായി തുടങ്ങിയവർ നേതൃത്വം നൽകി.

# കൺവൻഷനും ഉപവാസ പ്രാർഥനയും

**കൂടൽ:** ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ സെപ്റ്റംബർ 28 മുതൽ 30 വരെ ഉപവാസ പ്രാർഥനയും കൺവൻഷനും നടന്നു. പാസ്റ്റർമാരായ രാജേഷ് ഏലപ്പാറ, പ്രിൻസ് തോമസ്, പി.സി. ചെറിയാൻ, വിനോജ് തോമസ്, ജയ്മോൻ ഏബ്രഹാം തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ പി.സി. മാത്യു നേതൃത്വം നൽകി.

# റീജിയൻ വനിതാ സമ്മേളനം

**അങ്കമാലി:** ശാരോൻ ഫെലോഷിപ്പ് ചർച്ച് എറണാകുളം റീജിയൻ വനിതാ സമാജത്തിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 16-ന് അങ്കമാലി ശാരോൻ സഭയിൽ ഏകദിന സെമിനാർ നടന്നു. ഡോ. മോളി ഏബ്രഹാം പ്രസംഗിച്ചു. സഹോദരിമാരായ ഗ്രേസി ജേക്കബ്, എൽസി അച്ചൻകുഞ്ഞ് തുടങ്ങിയവർ നേതൃത്വം നൽകി.

# സൺഡേസ്കൂൾ ലീഡേഴ്സ് മീറ്റ്




റവ. ബിജു ഈപ്പൻ സന്ദേശം നല്കുന്നു

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 18-ന് തിരുവല്ല ശാരോനിൽ ലീഡേഴ്സ് മീറ്റ് നടന്നു. പാസ്റ്റർ ഏബ്രഹാം മന്ദമരുതി അധ്യക്ഷത വഹിച്ചു. റവ. ബിജു ഈപ്പൻ (തിമഥി ഇൻസ്റ്റിറ്റ്യൂട്ട്) മുഖ്യ സന്ദേശം നല്കി. ബ്രദർ റോഷി തോമസ് പ്രവർത്തന വിശദീകരണം നൽകി. മെഗാ ബൈബിൾ ക്വിസിനെക്കുറിച്ച് പാസ്റ്റർ ബിജു ജോസഫും വാർഷിക പരീക്ഷയെക്കുറിച്ച് ബ്രദർ കെ. തങ്കച്ചനും സാമ്പത്തിക ആവശ്യങ്ങളെക്കുറിച്ച് ബ്രദർ കോശി മാത്യുവും ഡയറക്ടറിയെക്കുറിച്ച് പാസ്റ്റർ പി.എ. ചാക്കോച്ചനും പ്രസ്താവനകൾ നടത്തി. ബ്രദർ കെ.ഇ. ജോർജുകുട്ടി സ്വാഗതവും ബ്രദർ റ്റി. തങ്കച്ചൻ നന്ദിയും പറഞ്ഞു. സൺഡേസ്കൂൾ അസോസിയേഷൻ ജനറൽ, എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ, കേരളത്തിലെ സെക്ഷൻ/സെന്റർ ചെയർമാന്മാർ, സെക്രട്ടറിമാർ തുടങ്ങിയവരാണ് ഈ മീറ്റിംഗിൽ സംബന്ധിച്ചത്.

# ഔറംഗബാദിൽ സംയുക്ത ആരാധന



**മുംബൈ:** ശാരോൻ ഫെലോഷിപ്പ് ചർച്ച് മഹാരാഷ്ട്ര-ഗോവ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 20-ന് ഔറംഗബാദ് റ്റി.വി. സെന്റർ മുയാനാ ആസാദ് റിസേർച്ച് സെന്റർ ഓഡിറ്റോറിയത്തിൽ വെച്ച് സംയുക്ത ആരാധന നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ ജേക്കബ് ജോൺ അധ്യക്ഷത വഹിച്ചു. പാസ്റ്റർ വി.പി. കോശി സങ്കീർത്തനം വായിച്ച് സന്ദേശം നൽകി. ഔറംഗബാദിലെ ശാരോൻ സഭാ പ്രവർത്തനങ്ങളെക്കുറിച്ച് പാസ്റ്റർമാരായ ബാബാ സാഹിബ് ഷിൻഡെ, ശിവനാഥ് ഗാവലി, സഞ്ചയ് പവാർ, ഡാനിയേൽ ടക്കുവാളേ എന്നിവർ വിശദീകരിച്ചു. പാസ്റ്റർ എൻ.സി. ശമുവേൽ, പാസ്റ്റർ വി.ഒ. വർഗീസ് എന്നിവർ പ്രസംഗിച്ചു. പാസ്റ്റർ ടോണി വർഗീസ് നന്ദി പ്രകാശിപ്പിച്ചു. ശാരോൻ ഫെലോഷിപ്പ് ചർച്ച് മഹാരാഷ്ട്ര -ഗോവ സെന്ററിന്റെയും സെന്റർ സി.ഇ.എം കമ്മറ്റിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ മിഷൻ ടൂറിനോടനുബന്ധിച്ചാണ് ഔറംഗബാദ് ഏരിയായിലെ ശാരോൻ സഭകൾക്കുവേണ്ടി സംയുക്ത ആരാധന ക്രമീകരിച്ചത്. മുന്നൂറിലധികം പേർ പങ്കെടുത്തു.

## ക്യാംപും സംയുക്ത ആരാധനയും

**തൃശൂർ:** സി.ഇ.എം തൃശൂർ സൗത്ത് സെക്ഷന്റെ ആഭിമുഖ്യത്തിൽ യുവജന ക്യാംപും സംയുക്ത സഭായോഗവും സെപ്റ്റംബർ 30, ഒക്ടോബർ 1 തീയതികളിൽ മണ്ണൂത്തി ഹാർവെസ്റ്റ് തിയോളജിക്കൽ കോളജിൽ വച്ചു നടന്നു. സെക്ഷൻ മിനിസ്റ്റർ പാസ്റ്റർ കെ.വി. ഷാജു ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ കെ.ജെ. ഫിലിപ്പ്, റോയി ചെറിയാൻ, ബിജു ജോസഫ്, ഏബ്രഹാം മന്ദമരുതി, റ്റി. വൈ. ജയിംസ് തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ പ്രസംഗിച്ചു.

## ഉപവാസപ്രാർത്ഥന

**മണിപ്പുഴ:** ശാരോൻ ഫെലോഷിപ്പ് ചർച്ചിൽ ഒക്ടോബർ 16 മുതൽ നവംബർ 5 വരെ ഉപവാസപ്രാർത്ഥന നടന്നു. അഭിഷിക്തരായ ദൈവദാസന്മാർ വിവിധ യോഗങ്ങളിൽ പ്രസംഗിച്ചു. സഭാശുശ്രൂഷകൻ പാസ്റ്റർ കുര്യൻ മാത്യു നേതൃത്വം നൽകി.

## ഏകദിന സെമിനാർ

**തൃശൂർ:** ശാരോൻ ഫെലോഷിപ്പ് തൃശൂർ സെന്ററിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 18-ന് കുന്നംകുളം ഫെയ്ത്ത് ലീഡേഴ്സ് ചർച്ച് ഓഡിറ്റോറിയത്തിൽ വെച്ച് 'റീചാർജ് 2017' എന്ന പേരിൽ ഏകദിന സെമിനാർ നടന്നു. ഉത്തരേന്ത്യൻ മിഷനറി ജോയി എം. തോമസ് ക്ലാസുകൾ നയിച്ചു. സഭാശുശ്രൂഷകന്മാർ, ഭാര്യമാർ, സഭാപ്രതിപുരുഷന്മാർ, പുത്രികാസംഘടനാ ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

# സ്തോത്ര പ്രാർഥന




**ഗുജറാത്ത്:** ജാംനഗറിൽ നിന്നു 18 വർഷമായി പ്രസിദ്ധീകരിക്കുന്ന പ്രാർഥനാ ധ്വനി കുടുംബ മാസികയ്ക്ക് ഇന്ത്യാഗവണ്മെന്റിന്റെ രജിസ്ട്രേഡ് ഓഫ് ന്യൂസ് പേപ്പർ അംഗീകാരം ലഭിച്ചതിനുള്ള സ്തോത്ര പ്രാർഥന ഒക്ടോബർ 11-ന് ജാംനഗർ മാർത്തോമ്മ ഹാളിൽ വെച്ചു നടന്നു. ചീഫ് എഡിറ്റർ പാസ്റ്റർ ബൻസൻ ദാനിയേൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ശാരോൻ ഫെലോഷിപ്പ് ചർച്ച് റീജിയൻ മിനിസ്റ്റർ പാസ്റ്റർ കെ. ഡേവിഡ് ആർ.എൻ.ഐയുടെ സർട്ടിഫിക്കറ്റ് പ്രകാശനം ചെയ്തു. റവ. അനൂപ് മാത്യു, റവ. ജോർജ്, പാസ്റ്റർമാരായ സി.റ്റി. ജേക്കബ്, എം.ജെ. ബ്രൈറ്റ്, ഏബ്രഹാം ജോൺ, എൽദോ പോൾ, അലക്സാണ്ടർ വി.എ., ജെമി ജേക്കബ്, ജോയ് നെടുംകുന്നം, ജോൺ അലക്സാണ്ടർ എന്നിവർ പ്രസംഗിച്ചു. ജാംനഗർ ക്വയർ ഗാനങ്ങൾ ആലപിച്ചു. ജാംനഗർ ശാരോൻ ഫെലോഷിപ്പ് ശുശ്രൂഷകനാണ് പാസ്റ്റർ ബെൻസൻ ഡാനിയേൽ.

## മാതൃകയായി പെരുമ്പാവൂർ സെന്റർ കൺവൻഷൻ

**പെരുമ്പാവൂർ:** സെന്റർ കൺവൻഷനിൽ ശാരോൻ ഫെലോഷിപ്പിലെ ശുശ്രൂഷകന്മാരെ മാത്രം പ്രസംഗകരമായി ക്ഷണിച്ചുകൊണ്ട് പെരുമ്പാവൂർ സെന്റർ മാതൃകയാകുന്നു.ജനുവരി 24 മുതൽ 28 വരെ കുറുപ്പുംപടി യൂത്ത് ലീഗ് മൈതാനത്തു വെച്ചാണ് സെന്റർ കൺവൻഷൻ നടക്കുന്നത്. പാസ്റ്റർമാരായ ഏബ്രഹാം ജോസഫ്, റോയി ചെറിയാൻ, പോൾ ഗോപാലകൃഷ്ണൻ, കോശി ഉമ്മൻ, കെ.വി. ഷാജു, തമ്പി ദാനിയേൽ, ബിജു ജോസഫ്, സജോ മോൻ, സാം തോമസ് എന്നിവരാണ് പ്രസംഗകർ.

## സെന്റർ കൺവൻഷൻ സമാപിച്ചു

**കടമ്പനാട്:** ശാരോൻ ഫെലോഷിപ്പ് ചർച്ച് ശൂരനാട് സെന്റർ കൺവൻഷൻ ഒക്ടോബർ 25 മുതൽ 29 വരെ കടമ്പനാട് സൗത്ത് സഭയുടെ നേതൃത്വത്തിൽ നടന്നു. സെന്റർ മിനിസ്റ്റർ പാസ്റ്റർ റ്റി.ഐ. ഏബ്രഹാം ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ഷാജി പാപ്പച്ചൻ സങ്കീർത്തനം വായിച്ചു. പാസ്റ്റർമാരായ സാം റ്റി. മുഖത്തല, അജി ആന്റണി, സണ്ണി കുര്യൻ, കെ.ജെ. മാത്യു, ബി. വർഗീസ് എന്നിവർ പ്രസംഗിച്ചു. സി.ഇ.എം., സൺഡേസ്കൂൾ സംയുക്ത സമ്മേളനത്തിൽ പാസ്റ്റർ കെ.എ. ഫിലിപ്പ്, ഇവ. ജെഫി യോഹന്നാൻ എന്നിവരും വനിതാ സമ്മേളനത്തിൽ സിസ്റ്റർ ആനി വർഗീസും പ്രസംഗിച്ചു. പാസ്റ്റർമാരായ അലക്സാണ്ടർ ഫിലിപ്പ്, വി.എം. ജേക്കബ്, ബ്രദർ ജോയി സി. ഡാനിയേൽ തുടങ്ങിയവർ നേതൃത്വം നൽകി.

## ശാരോൻ ഡയറക്ടറി പ്രസിദ്ധീകരിച്ചു

**തിരുവല്ല:** ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ സഭകളെയും ശുശ്രൂഷകന്മാരെയും പരസ്പരം പരിചയപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ ശാരോൻ സഭാ ഡയറക്ടറി പ്രസിദ്ധീകരിച്ചു. കൗൺസിൽ അംഗങ്ങൾ, പുത്രികാ സംഘടനയുടെ ഭാരവാഹികൾ, സഭാ ശുശ്രൂഷകന്മാർ, സെന്റർ പ്രതിപുരുഷന്മാർ തുടങ്ങിയവരുടെ വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. സൺഡേസ്കൂൾ അസോസിയേഷനാണ് മനോഹരമായ ഈ ഡയറക്ടറി പുറത്തിറക്കിയത്.

## സൺഡേസ്കൂൾ ഏകദിന സെമിനാർ

**കോഴിക്കോട്:** മലബാർ റീജിയൻ സൺഡേസ്കൂൾ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 29 വെള്ളിയാഴ്ച രാവിലെ 10 മുതൽ 3 വരെ തൊണ്ടയാട് ശാരോൻ ഹാളിൽ വെച്ച് ഏകദിന സെമിനാർ നടന്നു. പാസ്റ്റർ എൽദോ പി. ജോസഫിന്റെ അധ്യക്ഷതയിൽ പാസ്റ്റർ എം.ജെ. ജോൺ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ഏബ്രഹാം മന്ദമരുതി, സുവി. ബ്ലസൻ ഡേവിഡ് എന്നിവർ ക്ലാസുകൾ നയിച്ചു. പാസ്റ്റർമാരായ ബിജു പോൾ, അലക്സ് മാത്യു തുടങ്ങിയവർ നേതൃത്വം നൽകി.

**വയനാട്:** മലബാർ റീജിയൻ സൺഡേസ്കൂൾ കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ നവംബർ 11 ശനിയഴ്ച രാവിലെ 10 മുതൽ 3 വരെ കൽപ്പറ്റ ശാരോൻ ഹാളിൽ വെച്ച് മാതാപിതാക്കൾക്കും കുട്ടികൾക്കും സൺഡേസ്കൂൾ അദ്ധ്യാപകർക്കുമായി ഏകദിന സെമിനാർ നടന്നു. പാസ്റ്റർ എൽദോ പി. ജോസഫിന്റെ അധ്യക്ഷതയിൽ പാസ്റ്റർ എം.ജെ. ജോൺ ഉദ്ഘാടനം ചെയ്തു. പാസ്റ്റർ ഏബ്രഹാം മന്ദമരുതി, പാസ്റ്റർ ജെയിംസ് ജോയി എന്നിവർ ക്ലാസുകൾ നയിച്ചു. പാസ്റ്റർ ജോമോൻ ജോസഫ്, പാസ്റ്റർ കെ.ജെ. ജോബ്, സിസ്റ്റർ ആൻസി ജോബ് എന്നിവർ ആശംസകൾ അറിയിച്ചു. പാസ്റ്റർ ജോഷി ഏബ്രഹാം സ്വാഗതവും പാസ്റ്റർ ഷിനോജ് നന്ദിയും പറഞ്ഞു. പാസ്റ്റർ ജോസ് മാത്യു നേതൃത്വം നൽകി.

## വനിതാസമാജം സമ്മേളനം

**തിരുവനന്തപുരം:** ശാരോൻ ഫെലോഷിപ്പ് ചർച്ച് തിരുവനന്തപുരം റീജിയന്റെ ആഭിമുഖ്യത്തിൽ വനിതാ സമ്മേളനം ആഗസ്റ്റ് 5ന് പരശുവയ്ക്കൽ ലൗ ആർമി ക്രൂസേഡ് സെന്ററിൽ വച്ചു നടന്നു. സിസ്റ്റർ മറിയാമ്മ തമ്പി മുഖ്യസന്ദേശം നൽകി. മിസ്സിസ് ഓമന ക്രിസ്തുദാസ് നേതൃത്വം നൽകിയ ഈ സമ്മേളനത്തിൽ ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ നിന്ന് സഭാസംഘടനാ വ്യത്യാസം കൂടാതെ 600ലധികം പേർ പങ്കെടുത്തു.

# വിട്ടുപിരിഞ്ഞ്...

## പാസ്റ്റർ കെ.റ്റി. തോമസ്



**മല്ലപ്പള്ളി:** ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ സീനിയർ ശുശ്രൂഷകൻ വയ്യാറ്റുപുഴ കണ്ണങ്കര വീട്ടിൽ പാസ്റ്റർ കെ.റ്റി. തോമസ് (90) ഒക്ടോബർ 11 ന് നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം 14-ന് പാസ്റ്റർമാരായ പി.എം. ജോൺ, എം.എം. ജോൺ, റ്റി.എം. ഫിലിപ്പ് തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്നു. ശാരോൻ ഫെലോഷിപ്പിലെ നീലിപിലാവ്, സീതത്തോട്, ചേത്തയ്ക്കൽ, മോതിരവയൽ, തെക്കുംമല, മണിയാർ എന്നീ സഭകളിൽ ദീർഘവർഷങ്ങൾ സഭാശുശ്രൂഷകനായിരുന്നു. ഭാര്യ ഇടക്കുളം തകിടിപ്പുറത്ത് പരേതയായ ശോശാമ്മ തോമസ്. മക്കൾ: പാസ്റ്റർ വി.റ്റി. ജോസഫ്, ഓമന, പരേതനായ പാസ്റ്റർ വി.റ്റി. തോമസ്, ജാൻസി. മരുമക്കൾ: അമ്മിണി, ലീലാമ്മ, ശാമുവേൽ, ബേബിച്ചൻ.

## ചിന്നമ്മ



**വളഞ്ഞവട്ടം:** ശാരോൻ ഫെലോഷിപ്പ് ചർച്ച് മാനേജിങ്ങ് കൗൺസിൽ അംഗം ബ്രദർ കെ.കെ. തോമസിന്റെ മാതാവും പകലോമറ്റം താന്നിമൂട്ടിൽ കൂലിക്കുന്നേൽ പരേതനായ കെ.ജി. കുഞ്ഞപ്പിയുടെ ഭാര്യയുമായ ചിന്നമ്മ (92) നവംബർ 1 ന് നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം 6-ന് പാസ്റ്റർമാരായ റ്റി.ജി. കോശി, ഏബ്രഹാം ജോസഫ്, പി.എം. ജോൺ, കെ.ജി. മാത്യു, കെ. ജോണിക്കുട്ടി തുടങ്ങിയവരുടെ നേതൃത്വത്തിൽ സഭാസമിത്തേരിയിൽ നടന്നു. തലവടി ചെത്തിപ്പുരയ്ക്കൽ കുടുംബാംഗമാണ്. മറ്റു മക്കൾ: റോസമ്മ, പാസ്റ്റർ ജോൺ വർഗീസ്, പാസ്റ്റർ കെ.കെ. മാത്യു, എബി, സൂസമ്മ, പരേതനായ ജീമോൻ. മരുമക്കൾ: ബേബിക്കുട്ടി, മോളിക്കുട്ടി, സാലമ്മ, സൂസമ്മ, ഷാജി, സാലി.

## ഏലിയാമ്മ ഐപ്പ്

**പെരുമ്പാവൂർ:** വേങ്ങൂർ ശാരോൻ ഫെലോഷിപ്പ് സഭാംഗം മഠത്തിൽ പരേതനായ ഐപ്പിന്റെ ഭാര്യ ഏലിയാമ്മ ഐപ്പ് (85) സെപ്റ്റംബർ 26-ന് നിത്യതയിലേക്കു ചേർക്കപ്പെട്ടു. സംസ്കാരം 30-ന് പാസ്റ്റർ പി.വി. ജേക്കബിന്റെ



നേതൃത്വത്തിൽ ക്രാരിയേലി ശാരോൻ സെമിത്തേരിയിൽ നടന്നു. മക്കൾ: കുഞ്ഞമ്മ, മേരി, കുര്യാക്കോസ്, സൂസി. മരുമക്കൾ: ഈശോ, ഐസക്, ടിജി, പരേതനായ വർഗീസ്.

## അന്നമ്മ ഏബ്രഹാം



**ചാത്തങ്കരി:** ശാരോൻ ഫെലോഷിപ്പ് സഭാംഗം മുളമൂട്ടിൽ പാട്ടത്തിൽ പരേതനായ പി.ടി. ഏബ്രഹാമിന്റെ ഭാര്യ അന്നമ്മ ഏബ്രഹാം (93) ഒക്ടോബർ 7-ന് കർത്തൃസന്നിധിയിലേക്ക് പ്രവേശിച്ചു. സംസ്കാരം 11 ന് പാസ്റ്റർമാരായ പി.എം. ജോൺ, കെ. ജോണിക്കുട്ടി എന്നിവരുടെ നേതൃത്വത്തിൽ സഭാസെമിത്തേരിയിൽ നടന്നു. ചാത്തങ്കേരി സഭയുടെ ആരംഭകാലം മുതൽ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിച്ചുവന്ന പരേത, പാസ്റ്റർ പി.ജെ. തോമസിനും മിസിസ് ഏലിയാമ്മ തോമസിനും ഒപ്പം ദീർഘവർഷങ്ങൾ കർത്തൃശുശ്രൂഷയിൽ പങ്കാളിയായിരുന്നു. മേപ്രാൽ പനച്ചമുണ്ടകത്തിൽ കുടുംബാംഗമാണ്. മക്കൾ: എ. തോമസ്, കുഞ്ഞൂഞ്ഞമ്മ, ആലീസ്, സൂസി, മേഴ്സി, ജോസ്. മരുമക്കൾ: ലീലാമ്മ, കുഞ്ഞൂഞ്ഞ്, രാജു, രാജു, ബേബി, പരേതനായ അവറാച്ചൻ. കുന്നുംപുറം ശാരോൻ സഭാശുശ്രൂഷകൻ പാസ്റ്റർ ജോജു തോമസ് കൊച്ചുമകനാണ്.

## ശോശാമ്മ വർഗീസ്



**വെച്ചൂച്ചിറ:** മണ്ണടിശാല ശാരോൻ സഭാംഗമായിരുന്ന ചിറമേൽ പരേതനായ പാസ്റ്റർ സി.ടി. വർഗീസിന്റെ ഭാര്യ ശോശാമ്മ വർഗീസ് (94) ഒക്ടോബർ 18-ന് നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം 21ന് പാസ്റ്റർ പി.എം. ജോണിന്റെ നേതൃത്വത്തിൽ സഭാ സെമിത്തേരിയിൽ നടന്നു. കാരയ്ക്കൽ നാലുവേലിൽ കുടുംബാംഗമാണ് പരേത. മക്കൾ: മോളി, ജോയി, ഗിരിദീപം കുഞ്ഞുമോൻ, പാസ്റ്റർ സാം, പരേതനായ പാസ്റ്റർ സി.വി. ജോർജുകുട്ടി. മരുമക്കൾ: എം. തോമസ്, തങ്കമ്മ, ലൈസ, സിജി, പരേതയായ സൂസമ്മ. മാമല ശാരോൻ സഭാശുശ്രൂഷകൻ പാസ്റ്റർ ബ്ലസൻ ജോർജ് കൊച്ചുമകനാണ്.

## ആനിയമ്മ



**കണ്ണംപള്ളി:** ശാരോൻ ഫെലോഷിപ്പ് സഭാംഗം ചക്കിയാനിക്കുഴിയിൽ രാജൻ ഏബ്രഹാമിന്റെ ഭാര്യ ആനയിമ്മ ഖത്തറിൽവെച്ച് നിത്യതയിൽ ചേർക്കപ്പെട്ടു. സംസ്കാരം നവംബർ 2ന് പാസ്റ്റർ പി.എം. ജോണിന്റെ നേതൃത്വത്തിൽ കണ്ണംപള്ളി സഭാസെമിത്തേരിയിൽ നടന്നു. കോയിപ്രം മീനത്തേരിൽ കുടുംബാംഗമാണ്. മക്കൾ: റെനി, വിന്നി, ക്രിസ്റ്റി.

## എ.ജെ. ജോൺ



**മുതുപിലാക്കാട്:** ശാരോൻ ഫെലോഷിപ്പ് സഭാംഗം ജോബി ഭവനിൽ എ.ജെ. ജോൺ (68) നവംബർ 14-ന് നിത്യതയിൽ പ്രവേശിച്ചു. സംസ്കാരം 16-ന് പാസ്റ്റർമാരായ ഏബ്രഹാം ജോസഫ്, റ്റി.ജി. കോശി, പി.ജി. ജേക്കബ്, റ്റി.ഐ. ഏബ്രഹാം തുടങ്ങിയവരുടെ നേതൃത്വത്തിൽ നടന്നു. ഏലിക്കുട്ടി ജോണാണ് ഭാര്യ. മകൻ പാസ്റ്റർ ജോർജ് ജോൺ പെരുമ്പാവൂർ വേങ്ങൂർ ശാരോൻ സഭാശുശ്രൂഷകനാണ്. മരുമകൾ: ജോൺസി.

## ലിജി കുര്യാക്കോസ്



**പെരുമ്പാവൂർ:** കൊമ്പനാട് വാഴപ്പിള്ളിക്കുടിയിൽ പാസ്റ്റർ പോൾസന്റെ ഭാര്യ ലിജി കുര്യാക്കോസ് (42) നവംബർ 20ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം 23ന് പാസ്റ്റർ ഏബ്രഹാം ജോസഫിന്റെ നേതൃത്വത്തിൽ മലമുറി സെമിത്തേരിയിൽ നടന്നു. കുറുപ്പംപടി ശാരോൻ സഭാംഗമായ ചേന്നംകുഴി കുര്യാക്കോസിന്റെയും ജയ്നമ്മ കുര്യാക്കോസിന്റെയും മകളാണ് പരേത. മക്കൾ: അൻസു, ആൻസൻ.

ദുഖാർത്ഥരായ
കുടുംബാംഗങ്ങളെ
പ്രാർഥനയിൽ ഓർക്കുക

# നിങ്ങൾക്കറിയാമോ?

- ശാരോൻ ഫെലോഷിപ്പിന് എവിടെയെല്ലാം സഭകളുണ്ടെന്ന്?
- ലോകത്ത് എവിടെയുമുള്ള ശാരോൻ സഭാശുശ്രൂഷകന്മാരെ എങ്ങനെ പരിചയപ്പെടാമെന്ന്?

ഇപ്പോൾ ലഭ്യമാണ്

സഭകളുടെ സമ്പൂർണ്ണ വിവരങ്ങളുമായി




# ശാരോൻ ഡയറക്ടറി 2018

(ശാരോൻ സൺഡേസ്കൂൾ അസോസിയേഷൻ പ്രസിദ്ധീകരണം)

★ ശാരോൻ ഫെലോഷിപ്പിലെ എല്ലാ ശുശ്രൂഷകന്മാരുടെയും ഫോൺ നമ്പർ

★ റീജിയനും സെന്ററും തിരിച്ചുള്ള സഭാ വിവരങ്ങൾ

★ സഭയുടെ ചരിത്രവഴികൾ

Sharon Fellowship Sunday School Association
P.O. Box 94, Thiruvalla 689 101, Kerala, India, Ph: 0469-2607979
Email: sfssatiruvalla@gmail.com, www.sharonsundayschool.org

ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ കൗൺസിലിംഗ് വിഭാഗമായ

## തണൽ

ഒരുക്കുന്ന

# പ്രീ മാരിറ്റൽ കൗൺസിലിങ്ങ് കോഴ്സ്

ശിഥിലമാക്കപ്പെടുന്ന ആധുനിക കുടുംബബന്ധങ്ങൾക്കിടയിൽ ആരോഗ്യകരമായ ഒരു കുടുംബജീവിതം എങ്ങനെ പണിതുയർത്താം? വിവാഹത്തിന്റെ വിശുദ്ധി, ലക്ഷ്യം, കടപ്പാടുകൾ തുടങ്ങി വിവാഹത്തിന് മുൻപ് അത്യാവശ്യം അറിഞ്ഞിരിക്കേണ്ട വിഷയങ്ങളെക്കുറിച്ച് ദൈവശാസ്ത്ര, മനശാസ്ത്ര വീക്ഷണത്തിൽ വിശകലനം ചെയ്യുന്ന ക്ലാസുകൾ



അപേക്ഷാ ഫോമുകൾ സഭകളിൽ എത്തിക്കുന്നതാണ്.

**പ്രത്യേകതകൾ**

- ക്രമീകൃത പാഠ്യപദ്ധതി
- പ്രഗത്ഭരായ കൗൺസിലേഴ്സും മെഡിക്കൽ ഡോക്ടർമാരും നയിക്കുന്ന ക്ലാസുകൾ
- കോഴ്സുകളിൽ പങ്കെടുക്കുന്നവർക്ക് അംഗീകൃത സർട്ടിഫിക്കറ്റുകൾ
- 16 വയസ്സ് മുതലുള്ള അവിവാഹിതർക്ക് പ്രവേശനം
- നിശ്ചിത ഫീസ് ഉണ്ടായിരിക്കുന്നതാണ്.

**ദ്വിദിന കോഴ്സ്** (9:00 am - 4:00 pm)

പ്രാരംഭമായി കേരളത്തിലെ 6 പ്രധാന കേന്ദ്രങ്ങളിൽ

തൃശൂർ, എറണാകുളം, തിരുവല്ല, കൊട്ടാരക്കര, തിരുവനന്തപുരം, അടിമാലി

കൂടുതൽ വിവരങ്ങൾക്ക് 98091 82333, 94478 61098

christian evangelical movement

# ക്രിസ്ത്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റ്

YOUTH WING OF SHARON FELLOWSHIP CHURCH



## വജ്രജൂബിലി ജനറൽ ക്യാമ്പ്

ക്യാമ്പ് തീം : 'രൂപാന്തരം' (Transformation)



**2017 ഡിസംബർ 25 തിങ്കൾ രാവിലെ 8.30 മുതൽ 27 ബുധൻ ഉച്ചയ്ക്ക് 1.00 വരെ**

**കുട്ടിക്കാനം മാർ ബസ്സേലിയോസ് ക്രിസ്ത്യൻ കോളേജ്**

### സെക്ഷനുകൾ നയിക്കുന്നത്

റവ. ജോൺ തോമസ്
ഡോ. റ്റി.ജി. കോശി
ഡോ. റ്റി.പി. ഏബ്രഹാം
പാസ്റ്റർ പി.എം. ജോൺ
പാസ്റ്റർ ഏബ്രഹാം ജോസഫ്, റവ. ഫിന്നി ജേക്കബ്
പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം, പാസ്റ്റർ ജോർജ് മുണ്ടകൻ
ഇവാ. എബി ബേബി, ഡോ. എബി പി. മാത്യു
റവ. ഡോ. മാത്യു സി. വറുഗീസ്, റവ. സാം കെ. ജേക്കബ്
എൻ.സി. രാജ്മോഹൻ (Dy.SP)
സുവി. സാജൻ ജോയി, ജിഫി യോഹന്നാൻ

### കൗൺസലിംഗ് സെക്ഷനുകൾ

റവ.ഡോ. ജയിംസ് ജോർജ്ജ്
സിസ്റ്റർ സ്നേഹാ സേവ്യർ
പാസ്റ്റർ ഏബ്രഹാം മന്ദമരുതി

### ക്യാമ്പ് ഫീസ്

200 രൂപ
ജൂണിയേഴ്സ്
150 രൂപ
(13 വയസ്സിനു താഴെ)

### രജിസ്ട്രേഷൻ

25ന് രാവിലെ 8.30 മുതൽ

### സമാപനം

27ന് ഉച്ചയ്ക്ക് 2 മണിക്ക്

### ക്യാമ്പ് പ്രത്യേകതകൾ

1. മികവുറ്റ ദൈവവചന ക്ലാസ്സുകൾ
2. മിഷൻ ചലഞ്ച്
3. ഗ്രൂപ്പ് തിരിച്ചുള്ള കൗൺസലിംഗ് ക്ലാസ്സുകൾ
4. ആത്മനിറവിലുള്ള ആരാധനാ നിമിഷങ്ങൾ
5. മ്യൂസിക് നൈറ്റ്
6. അഭിഷേകത്തിനായുള്ള കാത്തിരുപ്പ് യോഗങ്ങൾ
7. തുറന്ന ചർച്ചാവേദികൾ
8. ബൈബിൾ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകൾ
9. ഗെയിമുകൾ
10. പ്രകൃതി രമണീയമായ ക്യാമ്പ് സൈറ്റ്
11. വിഭവസമൃദ്ധമായ ഭക്ഷണം

Live www.liveteam.in



കുട്ടികളുടെ ക്യാമ്പ് നയിക്കുന്നത്

Transformers
transforming the next generation...

### സംഗീതം

ഡോ. ബ്ലസൻ മേമന
ബ്രദർ ലോഡ്സൺ
സ്റ്റാൻലി മാത്യു

**CHRISTIAN EVANGELICAL MOVEMENT (CEM)**
P.B. NO. 22, SHARON, THIRUVALLA - 689 101
PH: 9447366239 / 9447010319

Printed and published by Abraham Thomas for Sharon Fellowship Church, Tiruvalla. For Private Circulation only.
Printed at Evangel Press, Tiruvalla